# പ്രസന്നകേരളം

ചങ്ങമ്പുഴ കൃഷ്ണപിള്ള

## ആ നീലക്കയിൽ

### ഇടപ്പള്ളി രാഘവൻപിള്ളയെപ്പററിയുള്ള സ്മരണകൾ

III

ഞാൻ സ്വതന്ത്രനായി. ആ ബോധം എന്നെ ലഹരി പിടിപ്പിച്ചു. ഋതുവിലാസത്തിൽ തപ്പചിത്തയായ എന്റെ പ്രിയപ്പെട്ട മാന്താവ് അകത്തു കിടന്നു എങ്ങലടിച്ചു, കരയുകയാണ്. ഞാൻ നേരത്തെ സ്കൂളിലേക്ക് പോകാൻ ഒരുക്കം കൂട്ടി. പക്ഷെ കഞ്ഞി കാലമായിരുന്നില്ല. ഒരുവിധത്തിൽ ചിററമ്മയെക്കൊണ്ടു കഞ്ഞി വെപ്പിച്ചു കുടിച്ചു സ്കൂളിൽ ഓടി എത്തിയപ്പോഴേക്കും, അതാ സെക്കൻഡ് ബെല്ലും അടിക്കുന്നു. എനിക്കു വലിയ നിരാശയായി. നേരത്തെ അരണമരത്തിന്മേൽ കയറണമെന്നായിരുന്നു എന്റെ ഉദ്ദേശം. ആദ്യത്തെ പീരീഡ് ഡ്രായിങ്ങ് ആണ്. എല്ലാ വിദ്യാർത്ഥികളും ഒരുപോലെ കാട്ടുകണ്ടു കളിപ്പിച്ചിരുന്ന ഒരുകാർ സ്വാമിയായിരുന്ന ഡ്രായിങ്ങ്മാസ്റ്റർ. ഞാൻ ക്ലാസിലെ മോണിട്ടറാണ്. ഡ്രായിങ്ങ്സാറിന് എന്നെ വലിയ ഇഷ്ടമായിരുന്നു. ഞാൻ അദ്ദേഹത്തെ കളിപ്പിച്ചിട്ടില്ല. മാത്രമല്ല അങ്ങാടിയിൽ നിന്നു സാമാനങ്ങൾ ചുമന്നുകൊണ്ടുവരുന്ന കാര്യത്തിൽ പലപ്പോഴും അദ്ദേഹത്തെ സഹായിക്കാറുമുണ്ട്. പീഞ്ഞപ്പെട്ടി തുറന്നു ഡ്രായിങ്ങ്ബുക്കുകൾ എടുത്തു ഓരോന്നിന്റെയും ഉടമസ്ഥന് അവ വിതരണം ചെയ്യുകയെന്ന അഭിമാനകരവും അസൂയാർഹവും ചുമതലയേറിയതുമായ "മോണിട്ടർജോലി" യഥാവിധി നിർവഹിച്ചശേഷം ഞാൻ സാറിന്റെ അടുത്തു പററിക്കൂടി, "എനിക്കു പുറത്തുപോകണം സർ" എന്നു പറഞ്ഞു. ക്ലാസ്സുസമയത്ത് ആ സാർ ആരെയും പുറത്തുപോകാൻ അനുവദിച്ചിരുന്നില്ല. പക്ഷെ എന്നോടുള്ള പ്രത്യേകപ്രതിപത്തികൊണ്ട് "ഉം.... എളുപ്പം പോയിട്ടു ബാഡോ" എന്നദ്ദേഹം സദയം സമ്മതം തന്നു. ആനന്ദം കൊണ്ടു പുളച്ചുമറിയുന്ന ഹൃദയത്തോടെ ഞാൻ നേരെ ഓടിപ്പോയതു അരണമരത്തിന്റെ ചുവട്ടിലേക്കാണ്. മുൻപും പിൻപും നോക്കാതെ, വികാരം മാത്രമായി മാറിയിരുന്ന ഞാൻ അതിന്മേൽ ചാടിപ്പിടിച്ചു, കയറി. എതാണ്ട് അഗ്രഭാഗത്തെത്തിയപ്പോൾ ആ വൃക്ഷം കറങ്ങുന്ന തല കനിച്ചു; രണ്ടു കൈകൊണ്ടും അതിന്റെ അഗ്രശിഖരങ്ങളിലൊന്നിൽ ഉറപ്പിച്ചു പിടിച്ചുകൊണ്ടു ഞാൻ പതുക്കെ കാൽ വിട്ടു. വൃക്ഷം കുറേക്കൂടി ചാഞ്ഞു. പക്ഷെ നിലത്തു മുട്ടിയില്ല. എതാണ്ട് മൂന്നാൾ പൊക്കത്തിൽ ഞാനങ്ങനെ തൂങ്ങിക്കിടക്കുകയാണ്—അന്തരീക്ഷത്തിൽ! വേണമെങ്കിൽ ഞാനും ഭാരമുണ്ടെങ്കിലേ അതിന്റെ ശിരസ്സു നിലത്തു വന്നു മുട്ടൂ എന്ന പരമാർത്ഥം മനസ്സിലാക്കി വകതിരിവോടെ പൊരുതുവാൻ നിശ്ചയിച്ചു. പൊന്തുന്ന എന്റെ വികാരം അനുവദിച്ചില്ല. വസ്തുസ്ഥിതിയുടെ യഥാർത്ഥ സ്വഭാവം എന്നിൽ ഒരു നടുക്കമുണ്ടാക്കി. കൈ വിട്ടാൽ ഞാൻ നിലത്തു പള്ളയടിച്ചു വീഴും—കാലോ കൈയോ ഒടിയും. തൂങ്ങിക്കിടക്കുന്ന കാലുകൾ ഉയർത്തി വളയുന്ന ആ വൃക്ഷത്തടിയിൽ വീണ്ടും ഉറപ്പിക്കാനുള്ള എന്റെ ശ്രമം പരാജയപ്പെട്ടു. അതിനിടയ്ക്കു ക്ഷീണം താങ്ങാതെ വൃക്ഷം അധികമധികം വളയുകയും ഉലയുകയും ചെയ്യുന്നു. ഈ പ്രാണപരാക്രമത്തിൽ ഞാൻ ഉടുത്തിരുന്ന വസ്ത്രം അഴിഞ്ഞു നിലംപതിച്ചു. കരിമ്പാലിരുന്ന കൗപീനത്തിന്റെ അഗ്രബന്ധം വിശ്ലഥമായി അങ്ങനെ വാലും തലയും പൃഷ്ഠഭാഗത്തു തൂങ്ങിക്കിടന്നാടിക്കൊണ്ടിരുന്നു. ലജ്ജ, ഭയം, വ്യസനം എന്നിങ്ങനെ മിശ്രവികാരങ്ങൾ കെട്ടുപിണഞ്ഞു കിണററിൽ പെട്ട ചുണ്ടെലിയെപ്പോലെ കിടന്നു പിടച്ചുകൊണ്ടു തൂങ്ങിക്കിടക്കുന്ന എനിക്ക് "അയ്യോ!" എന്നൊക്കെ നിലവിളിക്കാതെ തരമില്ലെന്നായി. ഞാൻ അതു ചെയ്തു. കഥകളിയിൽ കാട്ടുതീയിൽ പെട്ട കാർക്കോടകന്റേതു പോലുള്ള എന്റെ ദയനീയമായ വിലാപം ക്ലാസ്സിലിരിക്കുന്ന ബാലവീരന്മാരുടെ ചെവിട്ടിൽ പതിച്ചു. ഒന്നു രണ്ടു ക്ലാസ്സുകളിലെ കുട്ടികളും സാറന്മാരും ഉടൻ വൃക്ഷച്ചുവട്ടിൽ ഓടിയെത്തി. സാറിന്റെ അനുമതിയോടുകൂടി, ആഹ്ലാദഭരിതരായ ബാലന്മാർ വൃക്ഷത്തിന്മേൽ കയറിത്തുടങ്ങി. അതിൽ ആദ്യം കയറിയ ആൾ ഞാൻ ഗൂഢമായി മാനിച്ചിരുന്ന ആ ചന്ദനപ്പൊട്ടുകാരനായിരുന്നു. അഞ്ചാറുപേർ കയറിയപ്പോഴേക്കും വൃക്ഷശീർഷം നിലത്തു മുട്ടുകയും, ഞാനും എന്നെ രക്ഷിച്ച വീരന്മാരും ഒരുപദ്രവവും കൂടാതെ ഇറങ്ങിപ്പോരികയും ചെയ്തു. ചന്ദനപ്പൊട്ടുകാരനാണ് എന്റെ വസ്ത്രം എടുത്തു

---

## വിഷയവിവരം


1. ആനീലക്കയിൽ— ചങ്ങമ്പുഴ
2. ടി.കെ. മാധവൻ ഒ. എം. തോമസു
3. അമ്മാവൻ (ചെറുകഥ) ഡി. എൻ. പേരേക്കാട്ട്
4. പരിചാരിക. (ഗ്രന്ഥനിരൂപണം) എസ്. ഗുപ്തൻനായർ
5. ഗാന്ധിജിയും പണിമുടക്കും — പിപ്പിൾസ് എജ്
6. പട്ടത്തിന്റെ പ്രസംഗം. (വിനോദം). ഡിസി
7. റെയിൽവെ പണിമുടക്ക്. ആർ. സുഗതൻ
8. ധനശാസ്ത്രം എന്ത്? എന്തിന് കെ. ദാമോദരൻ
9. മീരാ (സിനിമാ) സി. ജെ. തോമസ്


---


**പ്രസന്നകേരളം**

ദേശീയ വാരിക

പുസ്തകം. 18 ലക്കം. 18

1 — 9 — 46

പന്ത്രണ്ടുപേജ് ——— രണ്ടണ

തന്നതു്. വെളുത്ത മുണ്ടു് ഗോപനം ചെയ്തിരുന്ന ആ കറുത്ത കൗപീനം അവിചാരിതമായി എന്നെ പരിഹാസപാത്രമാക്കിത്തീർത്തു. കൊച്ചുണ്ണി, സർക്കാരു മൊട്ട മുതലായവരുടെ ക്ലാസ്സ് വിട്ടാതിരുന്നതിനാൽ അവർക്കു ഈ പരാക്രമത്തിൽ പങ്കെടുക്കുവാൻ ഭാഗ്യമുണ്ടായില്ല. ഹെഡ്മാസ്റ്റർ എനിക്കു 3 അടി തന്നു. മാത്രമല്ല മേലിൽ ആരും തന്നെ അരഞ്ഞാണത്തിന്മേൽ കയറിക്കൂടെന്നും അങ്ങനെ ചെയ്താൽ കഠിനമായി ശിക്ഷിക്കുന്നതാണെന്നും ഹെഡ്മാസ്റ്റർ ഓരോ ക്ലാസ്സിലും ചെന്നു താക്കീതു നൽകുകയുമുണ്ടായി. ഇക്കാരണത്താൽ കുറച്ചുകാലത്തേക്കു ഞാൻ വിദ്യാർത്ഥികളുടെ ഇടയിൽ ഒരു പൊതുശത്രുവായി പരിഗണിക്കപ്പെട്ടു. പക്ഷെ ഞാനും ആ ചന്ദനപ്പൊട്ടുകാരനും കൂടുതൽ അടുക്കുകയാണുണ്ടായതു്. നാലഞ്ചുദിവസം കഴിഞ്ഞു, മരിച്ചുപോയ അച്ഛന്റെ ഭാഗിനേയൻ കുട്ടികൃഷ്ണൻ—ഇന്നദ്ദേഹം ബോംബെയിൽ ഒരു വലിയ ഉദ്യോഗസ്ഥനാണു---എന്റെ വീട്ടിൽ വന്നു. പിറ്റേദിവസം അദ്ദേഹം പുറപ്പെട്ടപ്പോൾ "ഇതമ്മക്കു് കൊടുത്തേക്കു" എന്നു പറഞ്ഞു എന്റെ കൈയിൽ ഒരു വെള്ളിരൂപാ തന്നു. ഞാനതു വീട്ടിൽ അറിയിച്ചില്ല. ആ രൂപാ ഞാൻ സ്വന്തമാക്കി. എന്റെ സ്വന്തമായി വെള്ളവെളെ വിലസുന്ന ഒരു വെള്ളിരൂപാ കൈവശം. കൊണ്ടു വക്കിൽ തട്ടി ഞാനതു മുകളിലേക്കു് എറിഞ്ഞു: "ഛിനിം" എന്ന ആ ശബ്ദം എന്തു സുഖമാണു കേൾക്കുവാൻ! ഒരൊറ്റമുഴുരൂപ! ഈശ്വരാ, അതെ, എന്റെ സ്വന്തം മുഴുരൂപയാണു! ജീവിതത്തിൽ ആദ്യമായി എനിക്കു കിട്ടുന്ന ഒരു നിധി! അച്ഛന്റെ മരണം എന്നെ ഒരു ദിവസത്തേയ്ക്കുള്ള ധനവാനാക്കി. ഞാൻ മതിമറന്നുപോയി. നേരെ സ്ക്കൂളിൽ ചെന്നു എന്റെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരെയെല്ലാം വിളിച്ചു് സ്ക്കൂളിന്റെ സമീപമുള്ള "ബപ്പിലൻ മുതലാളി"യുടെ ചായപ്പീടികയിൽ കൊണ്ടുപോയി ഒന്നാംതരം ഒരു പാർട്ടി നടത്തി. ആ സുഹൃത്സമ്മേളനത്തിനു് ക്ഷണിക്കപ്പെട്ടിരുന്നവരിൽ എന്റെ ക്ലാസ്സിലെ ഒരേ ഒരു കുട്ടി ആ ചന്ദനപ്പൊട്ടുകാരൻ മാത്രമായിരുന്നു. അതെ എന്റെ പിതാവിന്റെ ചരമത്തിൽ എന്റെ ശൈശവത്തിന്റെ കഥയില്ലായ്മ നടത്തിയ ഒരു ഉദ്യാനവിനോദമായിരുന്നു അതു്. ഇന്നതിനെക്കുറിച്ചോർക്കുമ്പോൾ ഇതാ ഇതെഴുതുമ്പോൾ എന്റെ കണ്ണുകളിൽ ജലം നിറയുന്നു. "പ്രിയപ്പെട്ട അച്ഛാ, എനിക്കു ജീവൻ തന്ന മഹാഭാഗ, വാത്സല്യമസൃണമായ അങ്ങയുടെ ഹൃദയം ഇന്നു ഞാൻ കാണുന്നു. അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്ന അങ്ങയുടെ അവസാനസ്പന്ദനങ്ങൾ "കൊച്ചുകുട്ടാ, കൊച്ചുകുട്ടാ" എന്നു ദയനീയമായി വിളിച്ചിരുന്നു. ആ കണ്ണുകളിലെ ഒടുവിലത്തെ പ്രകാശം ചുറ്റുപാടും അങ്ങിനെവെമ്പലോടെ തിരഞ്ഞിരുന്നു. ആ വിളി ഞാൻ കേട്ടില്ല; ഞാൻ അങ്ങയുടെ സമീപം വന്നില്ല. എന്നെ കാണാതെതന്നെ ആ കണ്ണുകൾ എന്നെന്നേയ്ക്കുമായി അടഞ്ഞു. എന്നിട്ടും അങ്ങയുടെ അന്ത്യസ്പന്ദനങ്ങളുടെ ആശംസ്യമായ ബലിപിണ്ഡം കൊണ്ടു ഞാൻ വിരുന്നു നടത്തി. അച്ഛാ എനിക്കു മാപ്പുതരണേ."

ഒ. എം. തോമസ്

# ടി. കെ. മാധവൻ

(ശ്രീ. ടി. കെ. മാധവന്റെ ജന്മദിനം കേരളമൊട്ടുക്കു കൊണ്ടാടുന്ന ഈ അവസരത്തിൽ (ചിങ്ങം 19) ഈ സ്മരണ സമുചിതമാണല്ലോ.—പത്രാധിപർ)

തിരുവിതാംകൂർപോലുള്ള ഒരു ഏതദ്ദേശ്യ രാഷ്ട്രീയ നഭോമണ്ഡലത്തിൽ ഒരു രാഷ്ട്രീയനേതാവൊ പത്രപ്രവർത്തകനൊ പ്രായേണ ക്ഷണഭംഗുരപ്രഭമാത്രമേ ചിന്താറുള്ളു. അതിനപ്പുറത്തക്കവിധം പ്രകൃതി നമ്മെ വിശേഷതരമായി വേർതിരിച്ചിരിക്കുന്നു. ബംഗാൾ ചിത്രകാരന്മാരുടെ ശക്തിമത്തായ എതിർപ്പ് ഉണ്ടായിരുന്നിട്ടും പ്രകൃതിദത്തമായ വാസനകൊണ്ടു് പണ്ഡിതപാമരന്മാരെ ഒന്നുപോലെ അപഹൃതചിത്തവൃത്തികളാക്കിത്തീർത്ത രവിവർമ്മരാജാ കഴിഞ്ഞാൽ അഖിലഭാരതപ്രസിദ്ധി നേടിയിട്ടുള്ള കേരളമാതൃസന്താനമായിട്ടു ആരാണുള്ളതു്? നിസ്സഹകരണപ്രക്ഷോഭണാരംഭദശയിൽ ദേശീയവീരസ്വർഗ്ഗത്തിൽ പ്രവേശിക്കുമോ എന്നു തോന്നത്തക്ക ശോഭയോടെ ഒന്നുരണ്ടു തേജഃപുഞ്ജങ്ങൾ നമ്മുടെയിടയിൽ നിന്നു പുറപ്പെട്ടുവെങ്കിലും അവ ഉത്തരക്ഷണത്തിൽ അധഃപതിച്ചു. മൺപാത്രങ്ങളെപ്പോലെ ഛിന്നഭിന്നമായിപ്പോയി. ആ വക പ്രശസ്തിയുടെ നഷ്ടശിഷ്ടങ്ങളുടെ മദ്ധ്യത്തിൽ ഭീമനല്ലെങ്കിലും ഒരു വാമനനല്ലാത്ത മി. മാധവനെ കാണ്മാനുണ്ടു്. നമ്മുടെ പരിമിതമായ ദൃഷ്ടികളിൽ അദ്ദേഹം വെള്ളിമാമലയുടെ ഉത്തുംഗശൃംഗത്തിൽ ചെന്നുകഴിഞ്ഞു. വികാരവൈഭവത്താൽ മാനുഷികപ്രശസ്തിസ്ഥാനത്തിന്റെ സ്ഥിരതയെ വിവക്ഷിക്കുക ക്ഷിപ്രസാദ്ധ്യമല്ല.

ശ്രീവാഴുംകോട്ടുള്ള സുഷുപ്താവസ്ഥയിൽ സുഖിക്കുന്ന സമകാലികന്മാരെക്കാൾ മി. മാധവൻ ഔന്നത്യം പ്രാപിച്ചിരിക്കുന്നുവെന്നും ഇനി വളരെക്കാലത്തേക്കു ആ സ്ഥാനം മറ്റാരാലും കൊടുക്കേണ്ടതില്ലെന്നും തീർച്ചതന്നെ. സ്വാതന്ത്ര്യബോധവും വിജ്ഞാനപ്രദവുമായ വിദഗ്ദ്ധതയാലാണു മി. മാധവനു ഇതു സാധിതമായതു്. ഒന്നാംമഹായുദ്ധാരംഭത്തിൽ പ്രഖ്യാതനായിത്തീർന്ന ജർമ്മൻയുദ്ധവീരനായ മക്കിൻസന്റെ ഉചിതജ്ഞതയോടും ധീരോദാത്തതയോടുംകൂടിയാണു അദ്ദേഹം പ്രക്ഷോഭണപദ്ധതികളെ രൂപീകരിക്കുന്നതു്. നവംനവമായ ഓരോ സംരംഭത്തിന്റേയും വിജയവും അപ്രാപ്യതയും അദ്ദേഹത്തെയും പൊതുജനങ്ങളെയും ആകർഷിക്കുന്നതായി കാണാം. ആവശ്യമുള്ള പരിതസ്ഥിതികൾ അദ്ദേഹം അവധാനപൂർവം സൃഷ്ടിക്കുന്നു. 1921-ൽ തിരുനൽവേലിയിൽവച്ചു് മഹാത്മഗാന്ധിയുമായുണ്ടായ സുപ്രസിദ്ധമായ കൂടിക്കാഴ്ചയ്ക്കു ശേഷമാണു അദ്ദേഹം രംഗപ്രവേശം ചെയ്തതു്. ആ സന്ദർശനഫലത്തെ അദ്ദേഹം മുൻകൂട്ടി കണ്ടു. പല സന്ദർഭങ്ങളിലും ഒരു മഹൽകാര്യാരംഭത്തിന്റെ സാധാരണതപോലും നമ്മെ അതിശയിപ്പിക്കുന്നു. ഒരുവനും നിറുത്താൻ പാടില്ലെന്നു സമ്മതിച്ച മുട്ടയെ കൊളംബസ് പൊട്ടിച്ചു് മേശമേൽ നിറുത്തിയതും ന്യൂട്ടൻ ഭൂമിയുടെ ആകർഷണശക്തി കണ്ടുപിടിച്ചതും സാധാരണ കാര്യങ്ങളെ സാമർത്ഥ്യമുള്ളവർ അതിശയകരമാംവിധം വിനിയോഗിക്കുന്നതിനു ഉദാഹരണങ്ങളാണു്. മി. മാധവന്റെ മഹാത്മാഗാന്ധിദർശനം തത്തുല്യമായ ഒരു സംഭവമാണു്. അധഃകൃതോന്നമനത്തിനായി അദ്ദേഹം

ജനനം. 1061 ചിങ്ങം 19
മരണം 1105 മേടം 15

ആരംഭിക്കുന്നതിനു തീർച്ചപ്പെടുത്തിയിരുന്ന പരിശ്രമങ്ങൾക്കു ഭാരതത്തിലെ അംഗീകരിക്കപ്പെട്ട രാഷ്ട്രീയനേതാവിന്റെ അനുമതി വാങ്ങണമെന്നുള്ള സാരതരമായ ഉദ്ദേശത്തോടുകൂടിയാണു മി. മാധവൻ പോയതു്. മദ്യപാനം, അയിത്തം എന്നിവയും അവയും ഈഴവസമുദായവുമായുള്ള പ്രത്യേകബന്ധവും ആയിരുന്നു പ്രധാന സംഭാഷണവിഷയങ്ങൾ. ഗാന്ധിജി മി. മാധവന്റെ അഭിപ്രായങ്ങളെ സ്വീകരിക്കയും പരിശ്രമങ്ങൾ ശക്തിയായി തുടരുന്നതിനു പ്രോത്സാഹിപ്പിക്കയും ചെയ്തു. മഹാത്മാഗാന്ധിയുടെ സഹകരണവാഗ്ദത്തലാഭം അത്ഭുതവിജയമായി കരുതാം. അതു അദ്ദേഹത്തിന്റെ നയകോവിദത്വം കൊണ്ടു സാധിച്ചതുമാണു്. തിരുനൽവേലിയിൽ നിന്നു മടങ്ങിവന്നപ്പോൾ പൊതുജനദൃഷ്ടിയിൽ മി. മാധവൻ, ഹോൾവർയുദ്ധം ജയിച്ചു് ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയ നെൽസന്റെ സ്ഥാനം കരസ്ഥമാക്കി. തലയിൽനിന്നു താഴാതെയാണു ജനങ്ങൾ അദ്ദേഹത്തെ കൊണ്ടുനടന്നതു്. കാര്യമായി എന്തെങ്കിലും സാധിക്കാത്തപക്ഷം ഈ മാമാങ്കമെല്ലാം അവസാനിക്കുമെന്നു അദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നതിനാലാണു കാലവിളംബം കൂടാതെ മദ്യവർജ്ജനവും അയിത്തോച്ചാടനവും പരിപാടികൾ സ്വീകരിച്ചതു്. (പൗരപ്രഭ 1926)

ഡി. എൻ. പേരേക്കാട്ട്

# അമ്മാവൻ

ജോഷി മൂന്നാമത്തെ നിലയിലും, കൃഷ്ണപിള്ള രണ്ടാമത്തെ നിലയിൽ ജോഷിയുടെ ബ്ലോക്കിന്റെ നേരെ താഴത്തതിലും. ബോംബെ പട്ടണത്തിന്റെ ഒരു ഒഴിഞ്ഞ കോണിലുള്ള ആ കെട്ടിടത്തിൽ അവർ അങ്ങനെ താമസം തുടങ്ങിയിട്ടു മൂന്നിൽ പരം വർഷങ്ങളായി ആത്മാർത്ഥതയുള്ള സ്നേഹിതരായിരുന്നു! ആ മഹാരാഷ്ട്രീയനും മലയാളിയും.

ഒററത്തടിയായിരുന്ന ജോഷി വിവാഹം ചെയ്ത ഭാര്യയും ഒന്നിച്ചു ജീവിതം തുടങ്ങി. കൃഷ്ണപിള്ള ആയിടയ്ക്കു ഒരു മാസത്തെ അവധിയിൽ ഒന്നു നാട്ടിൽ പോയിവന്നു. വിവാഹം കഴിച്ചിട്ടു കൊല്ലം മൂന്നു കഴിഞ്ഞെങ്കിലും മധുവിധു ആസ്വദിക്കുന്നതിനു പോലും പരിതഃസ്ഥിതികൾ അയാളെ അനുവദിച്ചിട്ടില്ല.

ജോഷിയുടെ ഭാര്യ ഗർഭവതിയായി. കൃഷ്ണപിള്ളയ്ക്കു തന്റെ പ്രേയസിയുടെ ഒരു കത്തു കിട്ടി "പിന്നെ കുളിച്ചില്ലെ"ന്നു.

ജോഷിയുടെ ഭാര്യ പ്രസവിച്ചു. പെൺകുട്ടി. രണ്ടു വാരം കഴിയുന്നതിനു മുമ്പു കൃഷ്ണപിള്ളയ്ക്കു ഒരു കമ്പി കിട്ടി. ഭാര്യ പ്രസവിച്ചു, പെൺകുട്ടി.

കൈകളുടെ സഹായം കൊണ്ടു പറക്കാൻ സാധിക്കുമായിരുന്നെങ്കിൽ അയാൾ ആ നിമിഷത്തിൽ വീട്ടിൽ എത്തുമായിരുന്നു. എന്തുചെയ്യാം? ആയിരത്തിരുനൂറു മൈലുകൾ ഇടയ്ക്കു കിടക്കുന്നു. പിന്നെ ഉദ്യോഗം-ഉപജീവനമാർഗ്ഗം. ഒരു വർഷം കൂടി കഴിയണം അവധി കിട്ടണമെങ്കിൽ.

കൃഷ്ണപിള്ള ഒന്നു വിഭാവനം ചെയ്തു, തന്റെ മകൾ എങ്ങനെ ഇരിക്കുമെന്നു മനസ്സിൽ തെളിഞ്ഞുവന്ന രൂപം ഏതാണ്ടു ജോഷിയുടെ കുഞ്ഞിനെ പോലെ ആയിരുന്നു. ഓടി മുകളിൽ ചെന്നു അയാൾ തൊട്ടിലിൽ കിടന്നിരുന്ന കുട്ടിയെ ആത്മാവു കുളിക്കെ വീക്ഷിച്ചു.

ജോലി കഴിഞ്ഞു വീട്ടിൽ മടങ്ങിയെത്തിയാൽ കൃഷ്ണപിള്ള ആദ്യമായി പ്രവർത്തിക്കുന്ന ഒരു കൃത്യമുണ്ടു. സ്നേഹിതന്റെ മുറിയ്ക്കുള്ളിൽ ചെന്നു ആ ഓമന പൈതലിനെ എടുത്തു ഒന്നു ചുംബിക്കുക.

മാസങ്ങൾ ആറു കഴിഞ്ഞു. കൃഷ്ണപിള്ള ആഫീസിലിരിക്കുമ്പോൾ അയാൾക്കു നാട്ടിൽ നിന്നും ഒരു കമ്പി കിട്ടി. "കുട്ടി മരിച്ചു."

ആഫീസിൽനിന്നു അന്നത്തേയ്ക്കു അവധിവാങ്ങി അയാൾ വീട്ടിൽ എത്തി. അരികിൽ ആരുമില്ലാതായപ്പോൾ ഹൃദയത്തിന്റെ ദൗർബല്യം അയാളെ കീഴ്പ്പെടുത്തി. കിടക്കയിൽ കമിഴ്ന്നു കിടന്നു കുറെ നേരം അങ്ങനെ വിങ്ങി വിങ്ങിക്കരഞ്ഞു.

മുകളിലത്തെ മുറിയിൽ ജോഷിയുടെ കുഞ്ഞു ശാഠ്യംപിടിച്ചു കരഞ്ഞു. ആ ശബ്ദം അയാളെ ഉണർത്തി. പെട്ടെന്നു അവിടെ ചെന്നു, തള്ളയുടെ കൈയിൽനിന്നു അതിനെ വാങ്ങിക്കൊണ്ടു വന്നു മടിയിൽ ഇരുത്തി അയാൾ അങ്ങനെ ഇരുന്നു. കൃഷ്ണപിള്ള എടുത്താൽ മതി, ബേബി ഉടൻ കരച്ചിൽ നിറുത്തുകയായി.

മണിക്കൂർ ഒന്നു, ഗാംഭീര്യത്തോടെ അതിലേകൂടി കടന്നുപോയതു് അയാൾ അറിഞ്ഞില്ല. മനസ്സ്, അനേകം മൈലുകൾക്കപ്പുറം പച്ചപ്പുല്ലു നിറഞ്ഞ ഒരു ചെറിയ പറമ്പിൽ എവിടെയോ, ഒന്നരയടി നീളത്തിലുള്ള ഒരു കൊച്ചു കുഴിക്കു ചുററും വലംവയ്ക്കുകയാണു്. ബേബി, മടിത്തട്ടിലിരുന്നു കളിക്കുന്നു.

കുട്ടിക്കു മുലകൊടുക്കാറായപ്പോൾ അമ്മ അങ്ങോട്ടു ചെന്നു. കൃഷ്ണപിള്ള അകലെ എങ്ങോ ദൃഷ്ടി ഉറപ്പിച്ചു നിശ്ചലനായി ഇരിക്കുകയാണു്. കൺതടങ്ങളിലൂടെ ഊർന്നൊഴുകുന്ന കണ്ണീർക്കണങ്ങൾ വീണു, ബേബിയുടെ ദേഹമെല്ലാം നനയുന്നു. കളങ്കമനത്തിന്റെ ചുടുബാഷ്പം നിഷ്കളങ്കതയെ അഭിഷേചിക്കുന്നു.

* * *

രാവിലെ കൃത്യം ആറുമണിക്കു ജോഷി വീട്ടിൽനിന്നു ഇറങ്ങും. തിരിച്ചുവരുമ്പോൾ രാത്രി പത്തുമണിയാകും. അതുവരെ ആഫീസിൽ പണിയാണയാൾക്കു്. പരാധീനതയിൽ ജീവിക്കുന്നവർക്കു്, അതെല്ലാം കൂടാതെ കഴിയുകയില്ലല്ലോ. അന്യനു വേണ്ടി വേല ചെയ്താൽ മാത്രം പോരാ, സ്വല്പം ജീവിക്കുകകൂടി വേണമെന്നു വച്ചാൽ രണ്ടിലൊന്നുപേക്ഷിക്കാതെ ഗത്യന്തരമില്ല. തന്റെ പ്രണയലതികയിൽ കടിഞ്ഞൂൽ പുഷ്പിച്ച ഓമനക്കോരകം ഉല്ലാസക്കുളിർതെന്നലിൽ ചാഞ്ചാടുന്നതു കണ്ടു ആനന്ദിക്കുന്നതിനോ, മധുവൂറുന്ന ആ കളനാദം ശ്രവിച്ചു ഹൃദയം കുളിർപ്പിക്കുന്നതിനോ, അയാൾക്കു് അത്യാഗ്രഹമില്ലാഞ്ഞിട്ടല്ല. എന്തു ചെയ്യാം!! രാവിലെ ജോഷി വീട്ടിൽനിന്നു് ഇറങ്ങുമ്പോൾ ബേബി ഉണർന്നിട്ടുണ്ടായിരിക്കുകയില്ല. വൈകുന്നേരം തിരിച്ചു വരുമ്പോൾ അവൾ ഉറങ്ങിക്കാണും.

വയസ്സ് ഒന്നു തികഞ്ഞു, ബേബിക്കു് അവൾ പിച്ചപ്പിച്ച നടക്കും. വ്യംഗ്യാർത്ഥപൂർണ്ണമായ ചെറുകാവ്യങ്ങൾപോലെ, അവ്യക്തമധുരമായി എന്തൊക്കെയോ മൊഴിയും. പരിചയമുള്ളവരെ നന്നായി തിരിച്ചറിയാം.

മണി അഞ്ചാകയാൽ അവൾ വാതിൽക്കലേക്കു കണ്ണുമായി ഇരിപ്പുതുടങ്ങും. കൃഷ്ണപിള്ളയുടെ പാദശബ്ദം അടുത്തുകേൾക്കുമ്പോൾ അവൾ തുള്ളിച്ചാടും.

"മാമൻ"

ആഫീസിൽനിന്നും മടങ്ങിവരുമ്പോൾ കൃഷ്ണപിള്ളയുടെ കൈയിൽ മിഠായിയോ കളിപ്പാട്ടമോ എന്തെങ്കിലും ഒന്നുണ്ടായിരിക്കും. അവളെ വാരിക്കൂട്ടിയെടുത്തു തന്റെ മുറിയിൽ കൊണ്ടുപോയി നിറുത്തിയതിനുശേഷമേ അയാൾ കോട്ടുപോലും ഊരുകയുള്ളൂ. ചായകുടി കഴിഞ്ഞു അവളെയുംകൊണ്ടു നടക്കാൻ ഇറങ്ങുകയായി. പിന്നീടു അവർ തമ്മിൽ പിരിയുകയില്ല. അമ്മാവന്റെ മാറിൽ പററിച്ചേർന്നുകിടന്നാലെ ബേബി ഉറങ്ങൂ. ഉറക്കത്തിൽ തള്ള കുഞ്ഞിനെ എടുത്തുകൊണ്ടു പോകും. മറാത്തിയെക്കാൾ ബേബിക്കു മനസ്സിലാകുന്ന ഭാഷ മലയാളം ആണു്.

## ഭാവകഥ

വർഷം പിന്നെയും ഒന്നുകഴിഞ്ഞു. കൃഷ്ണപിള്ള അതിനുശേഷം നാട്ടിൽ പോയിട്ടില്ല. അതേപററി കലശലായിട്ടു ചിന്തിക്കാറുമില്ല. അയാൾക്കു ബേബിയെയും അവൾക്കു അമ്മാവനെയും പിരിഞ്ഞു ജീവിക്കുക സാദ്ധ്യമല്ലെന്നായിട്ടുണ്ടു്. ജോഷിയുമായി തനിക്കു വലിയ ബന്ധമൊന്നുമുള്ളതായി ബേബി കരുതിയിട്ടില്ല.

* * *

ബേബിക്കു പനിയാണു്. അന്നു അതു കുറെ വർദ്ധിച്ചു. പെട്ടെന്നു അവൾക്കു ബോധമില്ലാതായി. തള്ള വല്ലാതെ അമ്പരന്നു. അവൾ ഭർത്താവിനെ ടെലഫോണിൽ വിളിച്ചു. അയാൾ തൽസമയം ആഫീസിലില്ല. അവർ ഉടൻതന്നെ കൃഷ്ണപിള്ളയെ വിളിച്ചു, വിവരം അറിയിച്ചു. അയാൾ ഒരു ഡാക്ടരെയുംകൊണ്ടു പാഞ്ഞെത്തി.

ആഫീസിൽ തിരിച്ചുവന്നപ്പോൾ ഭാര്യ ഫോൺചെയ്ത വിവരം അറിഞ്ഞു, ജോഷി തിടുക്കത്തിൽ വസതിയിലെത്തി. കൃഷ്ണപിള്ള കട്ടിലിന്മേൽ ബേബിയുടെ അടുത്തിരിക്കുന്നു. ഏതൊക്കെയോ മരുന്നുകൾ പാകപ്പെടുത്തുകയാണു. ഭാഗ്യം ബേബിയുടെ ബോധക്ഷയം വിട്ടുമാറിക്കഴിഞ്ഞിരുന്നു, അപ്പോഴേക്കും.

വിവരങ്ങളെല്ലാമറിഞ്ഞപ്പോൾ ജോഷിക്കു ആശ്വാസമായി എങ്കിലും ഏതോ ഒരസ്വാസ്ഥ്യം. കൃഷ്ണപിള്ളയോടു ഏതാണ്ടൊരു വല്ലായ്മ.

അന്നു രാത്രി പത്തുമണിക്കു ശേഷമാണു, കൃഷ്ണപിള്ള ബേബിയുടെ അടുത്തുനിന്നും തന്റെ മുറിയിൽ വന്നുകിടന്നതു്. ഒന്നു മയങ്ങിയേ ഉള്ളൂ. മുകളിൽനിന്നും ബേബി ഉറക്കെ കരയുന്നതു കേട്ടു അയാൾ പിടഞ്ഞെഴുന്നേററു. എങ്കിലും അങ്ങോട്ടു പോയില്ല.

എന്തെങ്കിലും അത്യാവശ്യമുണ്ടെങ്കിൽ ജോഷി വിവരം അറിയിക്കുമല്ലോ.

ബേബി നിലവിളി നിറുത്തിയില്ല. അവൾക്ക് അപ്പോൾ അമ്മാവനെ കാണണം. അമ്മയും അച്ഛനും കൂടി പലതരത്തിൽ ആശ്വസിപ്പിച്ചിട്ടും പ്രയോജനമുണ്ടായില്ല.

ജോഷിക്ക് വല്ലാത്ത ദേഷ്യം വന്നു. ലോകത്തോടാകമാനം ഒരു വെറുപ്പും. അയാൾ ഒരടി കൊടുത്തു കുട്ടിയുടെ തുടയ്ക്ക്. തനിക്ക് വലിയ അടുപ്പമൊന്നുമില്ലാത്ത അച്ഛൻ ശിക്ഷിച്ചപ്പോൾ അവൾക്ക് സങ്കടവും വാശിയും അധികമായി. കൈയ്യും കാലും ഇട്ടു തല്ലിക്കൊണ്ടു നിലവിളി ഒന്നുകൂടെ വർദ്ധിപ്പിച്ചു.

ഗത്യന്തരമില്ലാതെ ജോഷി കീഴെ ഇറങ്ങിവന്നു. കൃഷ്ണപിള്ള അക്ഷമനായി നില്ക്കുന്നുണ്ടവിടെ.

അമ്മാവനെ കണ്ടമാത്രയിൽ ബേബി കനകവല്ലിപോലുള്ള കുഞ്ഞു കൈകകളാൽ അയാളുടെ കഴുത്തിൽ കെട്ടിപ്പിടിച്ചു. അയാൾ അവളെ എടുത്തു തോളിൽ കിടത്തി ശാഠ്യവും കരച്ചിലും എല്ലാം തീർന്നു അവൾ ഗാഢനിദ്രയിലാണ്ടതിനു ശേഷമാണു കൃഷ്ണപിള്ള തിരിയെ പോന്നതു്.

ജോഷിക്കു് അതിയായ വെറുപ്പു തോന്നി, കൃഷ്ണപിള്ളയോടു്. ബേബിയുടെ സ്നേഹത്തിനു പൂർണ്ണാവകാശി അവളുടെ പിതാവല്ലേ? പക്ഷേ, അയാൾ നിസ്സഹായനായി മുൻപിൽ നോക്കിനില്ക്കെ, ഒരന്യൻ ബലമായി പിടിച്ചുപറിച്ചെടുത്തു് അതു് അനുഭവിക്കുന്നു. അവൾ തന്നെ സ്നേഹിക്കുന്നില്ല. വകവയ്ക്കുന്നില്ല.... കൃഷ്ണപിള്ളയുടെ ഗളത്തിൽ ആ കുഞ്ഞിക്കൈകൾ ചുററിക്കെട്ടി, അവൾ അയാളുടെ മാറിൽ അങ്ങനെ പാറിച്ചേർന്നിരുന്നതു കണ്ടപ്പോൾ, ജോഷിയുടെ ഹൃദയത്തിൽ അസൂയ തിങ്ങിനിറഞ്ഞു. അതൊടുങ്ങാത്ത വൈരാഗ്യരൂപം കൈക്കൊണ്ടു.

* * *

മാസം പിന്നെയും ഒന്നു കഴിഞ്ഞു. കൃഷ്ണപിള്ളയുടെ ദർശനം തന്നെ അസുഖകരമാണു്, ഇപ്പോൾ ജോഷിക്കു്. തമ്മിൽ എങ്ങാൻ കണ്ടുമുട്ടിപ്പോയാൽ ഒന്നോ അരയോ വാക്കു സംസാരിച്ചു പിരിയും. കുഞ്ഞിനെ മററാരുടെയും അടുക്കൽ വിട്ടേപോകരുതെന്നു് അയാൾ ഭാര്യയ്ക്കു് കർശനമായ ആജ്ഞ നൽകി.

കൃഷ്ണപിള്ള വൈകുന്നേരം വസതിയിൽ എത്തുമ്പോൾ ബേബി അയാളുടെ അടുക്കൽ ചെന്നുകഴിയും. ഒന്നുരണ്ടു ദിവസം അമ്മ ആ സമയങ്ങളിൽ അവളെയും കൊണ്ടു വെളിയിൽ പോയിനോക്കി. എന്നാൽ, അവൾ കരയാൻ തുടങ്ങും. ആ കരച്ചിൽ നിറുത്തണമെങ്കിൽ അമ്മാവനെ കണ്ടേ തീരൂ. അവർ അവളെ തിരിയെ കൊണ്ടുവന്നു കൃഷ്ണപിള്ളയുടെ അടുക്കൽ ആക്കിയിട്ടു റോഡിലേ നോക്കി കാവൽ നില്ക്കും. ഭർത്താവെങ്ങാൻ പെട്ടെന്നു വന്നുപോയാൽ കാര്യം അപകടമായില്ലേ?

ജോഷിയുടെ ഭാവവ്യത്യാസവും ബേബിയെ തന്റെ അടുക്കൽ അയക്കുന്നതിനു് അയാളുടെ ഭാര്യ കാണിക്കുന്ന വിസമ്മതവും എല്ലാംകൊണ്ടു എന്തോ തകരാറുകൾ സംഭവിച്ചിട്ടുണ്ടെന്നു കൃഷ്ണപിള്ള ഊഹിച്ചു. പക്ഷേ, അതു എവിടെയാണെന്നു അയാൾക്കു പിടികിട്ടിയിട്ടില്ല. ഒരു ദിവസം അയാൾ ബേബിയെ അന്വേഷിച്ചു, മുകളിൽ ചെന്നപ്പോൾ അമ്മ ഇടറുന്ന കണ്ഠത്തിൽ അവളോടു പറയുകയാണു്, "പോകേണ്ട, അമ്മാവന്റെ അടുത്തു്. അച്ഛൻ നിന്നെയും എന്നെയും തല്ലും." അയാൾ അപ്പാടെ കീഴോട്ടിറങ്ങിപ്പോന്നു. അതിനു ശേഷം കൃഷ്ണപിള്ള രാത്രി ഒൻപതു മണിയാകാതെ-- ബേബി ഉറക്കം പിടിച്ചതിനു ശേഷമല്ലാതെ-- പാർപ്പിടത്തിൽ വരിക പതിവില്ല.

ബേബി, ദിവസവും അഞ്ചു മണിമുതൽ നിരത്തിലേക്കു ഉററു നോക്കിക്കൊണ്ടു അങ്ങനെ നിൽക്കും. എന്നാൽ അമ്മാവൻ വരാറില്ല. അവളുടെ ഉൽസാഹവും പ്രസരിപ്പും എല്ലാം നശിച്ചു. എന്തിനും ദുശ്ശാഠ്യം പിടിക്കും. രാത്രി ആഹാരമൊന്നും കഴിക്കുകയില്ല. അമ്മാവന്റെ കൈകൊണ്ടേ അവൾ അത്താഴമുണ്ണാറുള്ളു.

ജോഷി വിവരം അറിഞ്ഞു. സ്ഥലമൊന്നു മാറിയാൽ അവൾ അമ്മാവനെ മറന്നുകൊള്ളുമെന്നയാൾ ആശിച്ചു. അവൾ കൃഷ്ണപിള്ളയെ മറക്കണം. അതു കൂടിയേ തീരൂ. അയാൾ എന്നെ സ്നേഹിച്ചേ കഴിയൂ. എന്നിൽ നിന്നും ഒരന്യൻ അവളെ അപഹരിക്കുക! എന്റെ ജീവൻ എന്റെ സമ്മതത്തോടെ മററുള്ളവൻ ചോർത്തിയെടുത്തുകൊണ്ടു പോകാൻ ഞാനെങ്ങനെ അനുവദിക്കും? ലോകം നിറയെ കൊലപാതകികളും കള്ളന്മാരുമാണു്.....സ്വന്തം മകൾക്കു സ്നേഹിക്കാൻ കഴിയാത്ത ഒരു പിതാവു്! ഒരു പക്ഷേ, അവളുടെ അമ്മ ഭർത്താവിനെ സ്നേഹിക്കാത്ത ഒരു ഭാര്യയായി തീർന്നുപോയാൽ! ഇല്ലെന്നാരറിഞ്ഞു! ആരെ കുററപ്പെടുത്താമതിനു്? വേണമെങ്കിൽ പ്രകൃതിയെ. ഇങ്ങനെ ഒന്നിനു പിറകിൽ ഒന്നായി എന്റെ ജീവൻ അങ്ങു ചോർന്നുപോവുക! സ്വബോധത്തോടെ ഞാനതു അനുവദിച്ചുകൊടുക്കുക! സാദ്ധ്യമല്ല. അല്ല..

ഒരു ദിവസം കൃഷ്ണപിള്ള ആഫീസിലേക്കു പോകാനായി റോഡിൽ ഇറങ്ങിയപ്പോൾ, ജോഷിയുടെ ഭാര്യ അയാളെ ത്വരിച്ചുവിളിച്ചു. "ഇന്നു വൈകുന്നേരം ഞങ്ങൾ ഇവിടെ നിന്നും താമസം മാറുന്നു." നിറഞ്ഞ നയനങ്ങളോടെ അവർ പറഞ്ഞു.

അന്നു അയാൾ ആഫീസിൽ പോയില്ല. പകൽ മുഴുവൻ ബേബിയുമൊന്നിച്ചു, തന്റെ മുറിക്കുള്ളിൽ കഴിഞ്ഞുകൂടി. വൈകുന്നേരം നടക്കാൻ പോയിമടങ്ങി വന്നപ്പോൾ, ജോഷി താമസിച്ചിരുന്ന മുറിയുടെ വാതലിൽ കടിച്ചുതൂങ്ങുന്നുണ്ടു്, ഒരു തടിയൻ താഴ്.

ജോഷി വീടുമാറി താമസം തുടങ്ങിയിട്ടു അഞ്ചു ദിവസമായി. ബേബി നന്നാ ശോഷിച്ചുപോയി. അവൾ ശരിയായി ആഹാരം കഴിക്കുകയില്ല. എല്ലാത്തിനും ശാഠ്യം പിടിക്കും. എപ്പോഴും കരയും. തള്ളയ്ക്കു് സങ്കടപ്പെടുകയല്ലാതെ എന്തുചെയ്യാൻ കഴിയും. ശിശുഹൃദയം .. അതിനുള്ളിൽ സ്നേഹത്തിനല്ലാതെ ഇത്ര കൊടിയ നൈരാശ്യത്തിനും വൈരാഗ്യത്തിനും ഇടമുണ്ടെന്നു ആരു കണ്ടു!!

X X X

ബേബിയ്ക്കു് ദീനം കലശൽ--ടൈഫോയിഡ്. ഒരാഴ്ച കഴിഞ്ഞു, ജോഷി ആഫീസിൽ പോയിട്ടു്. മകളെ ശുശ്രൂഷിച്ചുകൊണ്ടു കഴിഞ്ഞുകൂടുകയാണു്. പക്ഷേ അവൾക്കു അച്ഛനെ കണ്ടുകൂടാ. അയാൾ അടുത്തുചെന്നാൽ മതി, അവൾ കരച്ചിൽ തുടങ്ങും.

"വലിയ ആശയില്ല" ഡോക്ടർ പറഞ്ഞു. ബോധമില്ലാതെ കിടക്കുകയാണു ബേബി. രാത്രി ഒരു രണ്ടുമണി കഴിഞ്ഞിരിക്കണം. അച്ഛനും അമ്മയും കട്ടിലിന്റെ ഇരുവശങ്ങളിലായി അവളെത്തന്നെ ഉററുനോക്കിക്കൊണ്ടിരുന്നു, വിങ്ങിത്തുടിക്കുന്ന കരളുകളോടെ.

മൂന്നുദിവസങ്ങളായി കടപ്ളാവിലമൊട്ടുകൾപോലെ കൂമ്പിനിന്നിരുന്ന കൊച്ചുനയനങ്ങൾ തെല്ലൊന്നു വിടർന്നു. വരണ്ട അധരങ്ങൾ ഇഴഞ്ഞ സ്വരത്തിൽ അവ്യക്തമായിമന്ത്രിച്ചു, "അമ്മാവൻ"

ജോഷിക്കു ഇരിപ്പുകൊണ്ടില്ല. അയാൾ പെട്ടെന്നു മുറിക്കു വെളിയിൽ ഇറങ്ങി. കൂരിരുട്ടു് യാതൊരു വാഹനങ്ങളും കിട്ടാൻ സാദ്ധ്യമല്ല, ആ സമയത്തു് കൃഷ്ണപിള്ളയുടെ വസതിയിലേക്കു ഏതാണ്ടൊരഞ്ചുമൈൽ ദൂരമുണ്ടു്.

ആലോചിച്ചുനിൽക്കാൻ അയാൾക്കു കഴിഞ്ഞില്ല. ഓടി, വായുവേഗത്തിൽ, തോന്നിയ വഴിയിലൂടെ അയാൾ പാഞ്ഞു. പല സ്ഥലത്തും തട്ടിത്തടഞ്ഞും ഉരുണ്ടുവീണും മുൻപു പാർത്തിരുന്ന കെട്ടിടത്തിന്റെ മുൻപിൽ എത്തി. ഗോവണിയുടെ മൂന്നും നാലും പടികൾ ഓരോ ചാട്ടത്തിനു തരണം ചെയ്തു അയാൾ രണ്ടാമത്തെ നിലയിൽ ചെന്നുചേർന്നു. കൃഷ്ണപിള്ള താമസിച്ചിരുന്ന മുറിയുടെ വാതിൽക്കൽ ചെന്നപ്പോൾ അതിന്മേൽ തൂങ്ങിക്കിടന്നിരുന്ന ഒരു ബോർഡിലെ വെളുത്ത അക്ഷരങ്ങൾ കൂരിരുട്ടിനിടയിലൂടെ അയാളെ ഇളിച്ചുകാട്ടി. "To Let"

തൊട്ടടുത്ത ബ്ളോക്കിലെ താമസക്കാരെ വിളിച്ചുണർത്തി അയാൾ

(ശേഷം 9-ാം പേജിൽ)

എസ്സ്. ഗുപ്തൻനായർ

# പരിചാരിക

ഗ്രന്ഥകർത്താവു തിരുനയനാർക്കുറിച്ചി മാധവൻനായർ.
പ്രസാ: റെഡ്യാർപ്രസ് തിരുവനന്തപുരം, വില രൂപാ 1. പേജ് 188

തെക്കെ ഇന്ത്യയിൽ ഇന്നേവരെ നിർമ്മിച്ചിട്ടുള്ള ചലനചിത്രങ്ങളിൽ വെച്ച് ഏററവും ദർശനീയമായ ഒരു സാമൂഹ്യകഥയാണു ദേവത. തെലുങ്ക് ഭാഷയിലാണ് ആ ചിത്രം ഉണ്ടായതെങ്കിലും അതിന്റെ കഥയെഴുത്ത്, പടം പിടിപ്പ്, സംവിധാനം മുതലായ എല്ലാ വകുപ്പുകളിലും പ്രധാന പങ്കു വഹിച്ചിരുന്നതു ഒരു മലയാളിയായ മി. കെ രാമനാഥനാണെന്നുള്ളതു മലയാളികൾക്കു പൊതുവെ അഭിമാനകരമാണ്. കുമാരനാശാന്റെ പ്രസിദ്ധമായ ശൈലിയിൽ പറഞ്ഞാൽ "ദേവത" എല്ലാ പ്രകാരത്തിലും മനുഷ്യകഥാനുഗായിയായ ഒരു മനോഹരചിത്രമാണ്. അതു എല്ലാ ജനങ്ങളെയും ഒന്നുപോലെ ആകർഷിച്ചു. കേരളക്കരയിലെ ബഹുശതം സിനിമാശാലകളിൽ ആ ചിത്രം അനേകം ആഴ്ചകൾ തുടർച്ചയായി പ്രദർശിപ്പിക്കപ്പെട്ടു. ഭാഷയറിഞ്ഞുകൂടാതിരുന്നിട്ടും അതിലൂടെ ആവിഷ്കൃതമായ മനുഷ്യത്വത്തിന്റെ സമുന്നതഭാവങ്ങളെ എല്ലാവരും വികാരവായ്പോടെ സ്വീകരിച്ചു. ആ ചിത്രം ജനഹൃദയങ്ങളിൽ മായാത്ത മുദ്രകൾ പതിപ്പിച്ചിട്ടു കടന്നുപോയി; കാലവും കുറെ കഴിഞ്ഞു.

അണഞ്ഞുകിടന്ന ആ സ്മരണകളെ മി. മാധവൻനായർ ഈ നോവലിൽക്കൂടി തട്ടി ഉണർത്തുകയാണു ചെയ്തിരിക്കുന്നതു് എന്നു പറഞ്ഞാൽ ദേവതയുടെ ഛായാനുവാദമാണു ഈ കഥയെന്നു ചുരുക്കം.

സാധാരണ സംഭവിക്കാറുള്ളതു മറിച്ചാണ്. പ്രസിദ്ധപ്പെട്ട നോവലുകളെ ഉപജീവിച്ച് ചലനചിത്രങ്ങൾ നിർമ്മിക്കുകയാണു നമുക്കു പരിചയമുള്ള സമ്പ്രദായം. സ്വതന്ത്രങ്ങളായ സിനിമാക്കഥകളിൽ ഉപജീവ്യമായി അധികമൊന്നും ഇല്ലാതിരിക്കുന്നതാവാം ഇതിനു കാരണം. അപ്പോൾ മി. മാധവൻനായരുടെ ഈ പോക്ക് ഒരു പ്രതിലോമഗതിയാണോ? അങ്ങനെയാകണമെന്നു നിർബന്ധമില്ല. നല്ല വസ്തുക്കളെ എവിടെക്കണ്ടാലും സ്വാഗതം ചെയ്യേണ്ടതുതന്നെ. ദേവത ഒരു സിനിമാക്കഥയായതുകൊണ്ടു അതിനു ദോഷമില്ല. അതിനെ എങ്ങനെ കൈകാര്യം ചെയ്തിരിക്കുന്നു എന്നു മാത്രമേ നമുക്കു നോക്കേണ്ടതുള്ളു. മി. മാധവൻനായർക്കു തെലുങ്കുഭാഷ വശമുണ്ടായിരിക്കാൻ ഇടയില്ല. ആ നിലക്കു ഇതിൽ ചേർത്തിരിക്കുന്ന വർണ്ണനകൾക്കും സംഭാഷണങ്ങൾക്കും അദ്ദേഹം സ്വന്തം ഭാവനയോടു മാത്രമാണു കടപ്പെട്ടിട്ടുള്ളതു്. വർണ്ണനകളും സംഭാഷണങ്ങളും ഈ കഥാപാത്രത്തിനിണങ്ങിയ മട്ടിൽ അദ്ദേഹം നിർവഹിച്ചിരിക്കുന്നു എന്നുള്ളതിൽ സംശയമില്ല. വികാരങ്ങളുടെ കോളിളക്കത്തിൽ അദ്ദേഹം തന്റെ വർണ്ണനയാകുന്ന വഞ്ചിയെ ചുക്കാനില്ലാതെ പായുന്നതിനു പ്രായേണ അനുവദിച്ചിട്ടില്ല. ചുരുക്കം വാചകങ്ങൾ കൊണ്ടു ഭംഗിയായി കാര്യം പറയാനും ഉചിതവികാരങ്ങളെ ഉചിതസന്ദർഭങ്ങളിൽ ആവിഷ്ക്കരിക്കാനും അദ്ദേഹത്തിനു സാധിച്ചിട്ടുണ്ടു്. ഭാഷാശൈലി—അപൂർവം ചില പ്രത്യേകതകളെ ഒഴിച്ചു് നിർത്തിയാൽ—പ്രസന്നവും ഊർജ്ജസ്വലവുമാണ്. ഭാഷാരീതിയിലെ ആ പ്രത്യേകതകളെ തന്റെ വ്യക്തിമുദ്രകളായി തുടരാനനുവദിക്കാതെ കഴിയുന്നതും വേഗം മാററുകയാണു ഭേദമെന്നു സ്നേഹപൂർവം ഓർപ്പിച്ചുകൊള്ളട്ടെ. തമിഴിന്റെ അധിപ്രസരം കൊണ്ടു ദക്ഷിണതിരുവിതാംകൂറിലെ സംസാരഭാഷയിൽ കടന്നുകൂടിയിട്ടുള്ള ചില പ്രയോഗവിശേഷങ്ങൾ ഉദാഹരണമായി ഈ ഗ്രന്ഥത്തിൽനിന്നു ചൂണ്ടിക്കാണിക്കാം. "കുടത്തിനെ കിണററിലുള്ള പീഠത്തിൽ വെച്ചിട്ടു അവൾ അതിന്റെ പടിയിൽ ഇരുന്നു. ഉള്ളം കൈകളെക്കൊണ്ടു മുഖംപൊത്തിക്കരയാൻ തുടങ്ങി. ഇതിൽ വരയിട്ടിരിക്കുന്ന രണ്ടു ഭാഗങ്ങളിലെയും വിഭക്തി ഭാഷയോടുള്ള ഭക്തിയെയല്ല കാണിക്കുന്നതു്.

അതുപോലെ തന്നെ "അഹോ ഭയങ്കരം" "കൊലപാതകി, അതെ കൊലപാതകി" എന്നിങ്ങനെ ശക്തികൂട്ടാൻ വേണ്ടി ചെയ്തിരിക്കുന്ന വെറും ശബ്ദങ്ങളും എഴുതിത്തഴമ്പിച്ച ഒരു തൂലികക്കു യോജിച്ചതല്ലെന്നു ഗ്രന്ഥകാരൻ ധരിക്കുന്നതു നന്നു. ഭാഷാപരമായ ചില്ലറ പിശകുകളെ പററി ഇതിലധികം പറയണമെന്നില്ല.

ഈ നോവലിനു കാരണമായൊരു തരക്കേടു പററിയിട്ടുള്ളതു അതിന്റെ അന്തരീക്ഷസൃഷ്ടിയിലാണ്. ദേവതയുടെ വിദേശീയാന്തരീക്ഷം മനസ്സിൽ ഗാഢമായി പതിഞ്ഞുപോയതുകൊണ്ടാണോ എന്നു നിശ്ചയമില്ല, ഈ കഥയെ കേരളക്കരയുമായി ബന്ധിപ്പിക്കാൻ ഗ്രന്ഥകാരനെപ്പോലെ തന്നെ വായനക്കാരനും ക്ലേശിക്കേണ്ടിയിരിക്കുന്നു. മാധവി അമ്മമാരും കുട്ടൻപിള്ളമാരും താമസിക്കുന്ന ശ്രീവർദ്ധനം എന്ന സങ്കല്പഗ്രാമം കേരളത്തിലായിരിക്കാം. പക്ഷെ കേരളവും മദ്രാസുമായി കഥാപാത്രങ്ങളെ ഓടിച്ചു് അവരുടെ മലയാളത്തവും പരദേശസ്വഭാവവും പപ്പാതിയായിപ്പോയി രണ്ടിനും പ്രത്യേകമായ നിലനിൽപില്ലാതെ ഒരു ജ്ഞാനാംബികമാതൃകയായി ആ ഒരംശത്തിൽ മാത്രം ഈ നോവൽ ചെന്നു പെടുന്നു. എങ്കിലും ജ്ഞാനാംബികയെ ബാധിച്ചിട്ടുള്ള സാന്മാർഗ്ഗിക മാലിന്യങ്ങൾ ഈ നോവലിനെ തീണ്ടിയിട്ടു പോലുമില്ലെന്നു സന്തോഷസമേതം പറയാം.

ഇടക്കാലത്തു ഉറങ്ങിക്കിടന്ന നോവൽ പ്രസ്ഥാനം അടുത്ത കാലത്തായി ചില കഴമ്പില്ലാത്ത കഥകളുടെ കൈയേററംകൊണ്ടു തളിർത്തു തുടങ്ങിയിരിക്കുന്ന ഒരു കാലമാണിതു്. അത്തരം കഴമ്പില്ലാക്കഥകളെ കച്ചവടലാഭത്തിനു വേണ്ടി അച്ചടിച്ചു വിടുന്ന ഒന്നുരണ്ടു പ്രസിദ്ധീകരണക്കാരും നമുക്കുണ്ടു്. പണ്ടെക്കാലത്തെ സാഹിത്യസേവനചരിത്രം പിന്നിലുണ്ടെങ്കിലും റെഡ്യാരുടെ കമ്പനിയും അത്തരം ചില നപുംസകസൃഷ്ടികളെ രംഗത്തിറക്കി മലയാളഭാഷയെ വല ചുററിച്ചു വൃത്തികേടാക്കിയിട്ടുണ്ടു്. അവരുടെ പ്രസിദ്ധീകരണമായ ഈ പുസ്തകത്തെ അല്പം ഭയാശങ്കകളോടെയാണ് ഈ ലേഖകൻ സമീപിച്ചതെന്നു തുറന്നു പറഞ്ഞുകൊള്ളട്ടെ. എങ്കിലും ആ ഭയത്തിന് ആസ്പദമില്ലെന്നു ഈ ഗ്രന്ഥം വായിച്ചതിനു ശേഷം ബോദ്ധ്യമായി. മി. മാധവൻനായരുടെ ഈ പരിശ്രമഫലത്തെ വാഴ്ത്തുന്നതിനോടൊപ്പം തന്നെ ഛായാനുവാദം വിട്ടു സ്വന്തമായി ചിലതു കരു പിടിക്കാൻ തുനിയണമെന്നു കൂടി അപേക്ഷിച്ചുകൊള്ളട്ടെ.


## അർശോഹാരലേഹ്യം

ഇതു് അർശസ്സിനും നാവിനും വയററിലുമുള്ള വേദനയെ ശമിപ്പിക്കുകയും അർശസ്സിൽനിന്നുള്ള രക്തംപോക്കു നിറുത്തുകയും അർശോങ്കുരങ്ങളെ ശോഷിപ്പിക്കുകയും ശരിയായ മലശോധന ഉണ്ടാക്കുകയും ചെയ്യുന്നതിനു ഉത്തമമായ ഔഷധമാകുന്നു.

ഏജൻറന്മാരെ ആവശ്യമുണ്ടു്.

റാത്തൽ ഒന്നുക്കു് വില രൂപ 5

കെ. ജി. കൃഷ്ണൻ വൈദ്യൻ
ആയുർവേദ വൈദ്യശാല
കവല, ചങ്ങനാശേരി

"പീപ്പിൾസ് ഏജ്"

# ഗാന്ധിജിയും പണിമുടക്കും

11

ബെർളപാനിലെ മഹാരാജാവിനെയും ഖോംബ്ഷി രാജാവിനെയും നാട്ടുരാജാക്കന്മാരെയും ജന്മികളെയും കൂട്ടുപിടിച്ചു. സാമ്രാജ്യത്വത്തിന്റെ ഭരണഘടനാസമിതിയെ ജയിപ്പിക്കുന്നതിനുള്ള ശ്രമങ്ങളിൽ തിരക്കിട്ടേർപ്പെട്ടിരിക്കുന്നവർക്കു, ബഹുജനങ്ങളുടെ സമരസന്നദ്ധതയുടെയും പ്രവർത്തനങ്ങളുടെയും അപ്രതീക്ഷിതമായ ഈ അണപൊട്ടലിൽ അലോസരവും അമർഷം തന്നെയും തോന്നുന്നതു സ്വാഭാവികം മാത്രമാണ്.

നേരെ മറിച്ചു, ആത്മാർത്ഥതയുള്ള ഓരോ ഇന്ത്യക്കാരനെയും ഈ സംഭവങ്ങൾ ഉശിരു പിടിപ്പിയ്ക്കുന്നു, കാരണം ഏററവും കുറഞ്ഞ കൂലികൊണ്ടും ഏററവും ശോചമായ സാമ്പത്തികസ്ഥിതികളിലും ജീവിക്കുന്ന ഇന്ത്യ ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ മർദ്ദനത്തെയും പ്രതികാരനടപടികളെയും കൂടാതെ, സമരരംഗത്തിലിറങ്ങിക്കഴിഞ്ഞുവെന്നാണ് അവ കാണിക്കുന്നതു.

നേതൃത്വത്തിന്റെ നയം ഭിന്നിപ്പുകളെ പ്രോത്സാഹിപ്പിക്കുക മാത്രം ചെയ്യുമ്പോൾ അനേകലക്ഷം ഹിന്ദുക്കളും മുസ്ലീങ്ങളും സാമ്രാജ്യത്വചൂഷണത്തോടു സമരം ചെയ്യാൻ എങ്ങിനെയാണു യോജിക്കുന്നതെന്നു അവ കാണിക്കുന്നു.

നമ്മുടെ രാജ്യം സംഭരിച്ചുണ്ടാക്കിട്ടുള്ളതും വിവേകശാലിയായ ഏതൊരു നേതൃത്വവും ക്വിററിന്ത്യാ മുദ്രാവാക്യം നടപ്പിൽ വരുത്താൻ ഉപയോഗിക്കേണ്ടതുമായ നമ്മുടെ രാജ്യത്തിന്റെ വമ്പിച്ച സമരശക്തിയെ അവ വെളിപ്പെടുത്തുന്നു.

ഗാന്ധിജി ഇന്നു പണിമുടക്കുകൾക്കെതിരായി കൈക്കൊണ്ടിട്ടുള്ള നില, മന്ത്രിസംഘപദ്ധതി സ്വീകരിക്കുന്ന കീഴടങ്ങൽനയത്തിന്റെ ദേശവിരുദ്ധസ്വഭാവത്തെ തുറന്നു കാട്ടുകയാണു ചെയ്യുന്നതു്. സ്വന്തം ജീവിതസ്ഥിതി നന്നാക്കുന്നതിനുപോലുമുള്ള എല്ലാ ബഹുജനപ്രവർത്തനങ്ങളെയും അധിക്ഷേപിക്കുന്നതിലേക്കാണ് ബഹുജനങ്ങൾക്കെതിരായി സ്ഥാപിതതാൽപര്യക്കാരുടെകൂടെ അണിനിരക്കുന്നതിലേയ്ക്കാണ് ആ നയത്തിന്റെ യുക്തി നേതൃത്വത്തെ അധികമധികം പിടിച്ചുവലിയ്ക്കുന്നതു്.

ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ സഹായത്തോടുകൂടി കോൺഗ്രസ്സ് മന്ത്രിസഭകൾ ഈ സമരങ്ങളെ പരസ്യമായി അടിച്ചമർത്താൻ തുടങ്ങുകയായിരിക്കും അടുത്ത പടി. അതായതു സ്വന്തം ജനങ്ങളുടെ കഴുത്തു ഞെരിക്കുകയെന്ന വൃത്തികെട്ട പണി ചെയ്യുന്നതിലേയ്ക്കു ഇതര പാർട്ടികളെ [illegible] ജയിച്ചു, വെന്നർത്ഥം.

കോൺഗ്രസ്സ് പ്രവർത്തകന്മാർ ഗാന്ധിജിയുടെ നില ശരിവയ്ക്കുകയാണെങ്കിൽ, രാജ്യത്തിനു അതു ഏററവും വലിയ ആപത്തായിരിക്കും. തൊഴിലാളികളുടെ സാമ്പത്തികാവശ്യങ്ങളുടെ വീക്ഷണഗതിയിൽനിന്നു നോക്കുകയാണെങ്കിൽകൂടി ഗാന്ധിജിയുടെ നില ന്യായമല്ല.

ഇന്ത്യക്കാരും വെള്ളക്കാരുമായ മുതലാളികൾ തൊഴിലാളികളെ പൈശാചികമായി ചൂഷണം ചെയ്യുന്നതിനെതിരായി തന്റെ മൂർച്ചയുള്ള വാക്കുകളിൽ ഒന്നോ രണ്ടോ എങ്കിലും ഗാന്ധിജി ചിലവഴിച്ചിരുന്നുവെങ്കിൽ, ഇന്നത്തെ തൊഴിൽസ്ഥിതിയിൽ മൌലികമായ ഒരു മാററം വേണമെന്നു അദ്ദേഹം ആവശ്യപ്പെട്ടിരുന്നെങ്കിൽ—എന്നു തോന്നിപ്പോകുന്നു.

പക്ഷെ അങ്ങിനെ ഒരൊററ വാക്കും പറയാതിരിക്കാൻ ഗാന്ധിജി പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്. വാസ്തവത്തിൽ, പോസ്റ്റൽ പണിമുടക്കത്തോടുള്ള അനുകൂല്യം കൂടി പിൻവലിക്കുകയാണ് അദ്ദേഹം ചെയ്തതു്. പോസ്റ്റൽ തൊഴിലാളികളുടെ അസഹ്യമായ കൂലിസ്ഥിതിയെപ്പററി ആർക്കാണറിയാത്തതു്? നമ്മുടെ തൊഴിലാളികളിൽ ഭൂരിപക്ഷത്തിനും ഇന്നും കിട്ടുന്ന കൂലി മാസത്തിൽ 15-20 ക.യാണെന്നു ആരെയെങ്കിലും പറഞ്ഞറിയിക്കേണ്ടതുണ്ടോ?

ഈ സ്ഥിതികൾക്കെതിരായിട്ടാണ്, വളരെ കൊല്ലങ്ങൾ കാത്തിരുന്നശേഷം, തൊഴിലാളികൾ സമരം തുടങ്ങീട്ടുള്ളതു്. ഈ സ്ഥിതിയ്ക്കു ഒരു മാദ്ധ്യസ്ഥന-ക്ഷണം ആവശ്യമുണ്ടോ? മുതലാളികൾക്കുവേണ്ടി പരസ്യമായി വക്കാലത്തെടുത്തിട്ടുള്ളവർക്കല്ലാതെ മററാർക്ക് ഇതിനെ ന്യായീകരിക്കാൻ സാധിയ്ക്കും?

തൊഴിലാളികൾ നിഷ്പക്ഷമദ്ധ്യസ്ഥം സ്വീകരിക്കണമെന്ന ഗാന്ധിജിയുടെ ഉപദേശം പുണ്ണിൽ എണ്ണയൊഴിക്കലാണ്. മനുഷ്യരെന്ന നിലക്ക തങ്ങൾക്കു അവകാശപ്പെടാൻ അധികാരമില്ലാത്ത എന്തോ ഒന്നാണു തൊഴിലാളികളാവശ്യപ്പെടുന്നതെന്നു തോന്നും. അയിത്തത്തിന്റെ കാര്യം ഒരു നിഷ്പക്ഷമദ്ധ്യസ്ഥതിനു വെയ്ക്കാൻ ഗാന്ധിജി ഒരുങ്ങുന്നപോലെ അസംബന്ധമായിരിക്കും ഇതു്.

വാസ്തവത്തിൽ കാര്യം ഒത്തുതീരാൻ തൊഴിലാളികൾ എപ്പോഴും സന്നദ്ധത കാണിച്ചിട്ടുണ്ടു്. പക്ഷെ, തങ്ങൾക്കാണു ശക്തിയെന്നു കാണുമ്പോൾ മുതലാളികൾ അതിനു കൂട്ടാക്കാറില്ല, തൊഴിലാളികൾക്കാണു ശക്തിയെന്നു കാണുമ്പോൾ, അവർ മദ്ധ്യസ്ഥം വഴി തൊഴിലാളികളെ വഞ്ചിക്കുകയാണു പതിവ്.

പണിമുടക്കുകളെ അധിക്ഷേപിക്കുകയും മദ്ധ്യസ്ഥം ഉപദേശിക്കുകയും ചെയ്യുന്നതിനു പകരം, ഗാന്ധിജി എന്തുകൊണ്ടു കൂടുതൽ എളുപ്പമായ മറെറാരു വഴിയുള്ളതു നിർദ്ദേശിക്കുന്നില്ല? സംസ്ഥാനങ്ങളിൽ ഇന്നു കോൺഗ്രസ്സ് മന്ത്രിസഭകൾ അധികാരത്തിൽ വന്നിട്ടുണ്ടല്ലോ. മനുഷ്യനെപ്പോലെ ജീവിക്കാൻ വേണ്ട ജീവിതസൌകര്യങ്ങളും കൂലിയും നിശ്ചയപ്പെടുത്തുന്ന നിയമനിർമ്മാണം ഉടൻ കൊണ്ടുവരാനും അങ്ങനെ കോൺഗ്രസ്സ് തെരഞ്ഞെടുപ്പു വാഗ്ദാനങ്ങളിൽ ചിലതെങ്കിലും നിറവേററാനും എന്തുകൊണ്ടു ഗാന്ധിജി ആവശ്യപ്പെടുന്നില്ല?

പക്ഷെ, ഇതുമാത്രം മന്ത്രിസഭകൾ ചെയ്യില്ല, നേരെ മറിച്ച് പണിമുടക്ക വിരോധ നിയമങ്ങൾ ഉണ്ടാക്കുന്നതിലാണവർ ബദ്ധശ്രദ്ധരായിട്ടുള്ളതു—അങ്ങിനെയാണു അവർ സ്വന്തം വാഗ്ദാനങ്ങൾ നടപ്പിലാക്കാനുദ്ദേശിക്കുന്നതു്, പണിമുടക്കവകാശം നിലനിറുത്തുന്നതു, കിസാൻ മസ്ദൂർ പ്രജാരാജ് കൊണ്ടുവരുന്നതു്.

കോൺഗ്രസ്സ് നേതൃത്വത്തിന്റെ ഇന്നത്തെ നയത്തിലുള്ള ഈ ആപത്തു കോൺഗ്രസ്സുകാരും മററും മനസ്സിലാക്കണം.

ഗാന്ധിജിയുടെ നയം നടപ്പിൽ വരുത്തുന്നതിന്റെ അർത്ഥം, നമ്മുടെ നാട്ടിലെ പാവപ്പെട്ടവരുടെ സമരങ്ങളെ--തൊഴിലാളികൾ, ഗുമസ്തന്മാർ, തപാൽക്കാർ--ജനങ്ങൾ സഹായിക്കരുതെന്നാണ്.

ഭിന്നിപ്പിക്കലിനെ പരസ്യമായി പ്രോൽസാഹിപ്പിക്കലായിരിക്കും അതു, കൂലി കുറക്കാനും തൊഴിലില്ലായ്മ ഉണ്ടാക്കാനും മുതലാളികൾക്കു സർവതന്ത്രസ്വാതന്ത്ര്യം കൊടുക്കലായിരിക്കും അതു്.

ജനങ്ങൾക്കെതിരായി മുതലാളികളുടെയും മററു സ്ഥാപിതതാൽപ്പര്യക്കാരുടെയും ആയുധമായി കോൺഗ്രസ്സ് മന്ത്രിസഭകൾ പ്രവർത്തിക്കുന്നതിലേക്കാണു അതു ചെന്നെത്തുക. രാഷ്ട്രീയമായി അതിന്റെ അർത്ഥം നമ്മുടെ സ്വാതന്ത്ര്യസമരത്തെ പിളർക്കലായിരിക്കും.

ആപൽക്കരമായ ഈ നയത്തിനെതിരായി ആത്മാർത്ഥതയുള്ള ഓരോരുത്തരും അവരുടെ ശബ്ദം മുഴക്കണം. ദേശത്തിന്റെ ഉത്തമതാൽപര്യങ്ങൾക്കെതിരായ സന്ധി ചെയ്യൽ നയത്തിന്റെ ആവശ്യങ്ങൾക്ക ഒപ്പിക്കാൻ വേണ്ടിയും ഒരു പിടി മുതലാളികളെ പ്രീതിപ്പെടുത്താൻ വേണ്ടിയും, ഒരു കാരണവശാലും തൊഴിലാളികളെ തങ്ങൾ വഞ്ചിക്കില്ലെന്നു ജനങ്ങൾ പ്രഖ്യാപിക്കണം. എന്തു തന്നെ വന്നാലും ഇന്നത്തെ ജീവിതസ്ഥിതിയിൽ ഇനിയും കഴിച്ചുകൂട്ടാൻ തങ്ങൾ തയ്യാറല്ലെന്നും, മററു തൊഴിലാളികളോടു അനുഭാവം പ്രദർശിപ്പിച്ചുകൊണ്ടു പണിമുടക്കാനു

ഡീസി

# പട്ടത്തിന്റെ പ്രസംഗം

(ക്ഷമാപണസഹിതം)

കർക്കടകം 13-ാംനു-രാവിലെ ഞാൻ ആരുവാമൊഴിയിൽനിന്നു ഭൂതപ്പാണ്ടിയിലേക്കു പോകുകയായിരുന്നു. മി. റ്റി. എം. വറുഗീസും മി. നടരാജപിള്ളയും എന്നോടുകൂടി ഉണ്ടായിരുന്നു. 14-ഉം 15-ഉം തീയതികളിൽ ഞങ്ങൾ ഭൂതപ്പാണ്ടിയിൽ തന്നെ കഴിച്ചുകൂട്ടി. ഐക്യകേരളത്തിന്റെ അതിർത്തി നിശ്ചയിക്കുവാൻ വേണ്ടി ഞങ്ങൾ സഞ്ചരിക്കുകയായിരുന്നു. തിരിച്ചു ഞാൻ വീട്ടിൽ വന്നപ്പോൾ കുട്ടികൾ എന്റെ ചുറ്റും കൂടി. "അച്ഛാ അഛനെന്തിനാണു കുത്താട്ടുകുളത്തിനു പോയതു്. അഛനെ എത്ര കാളകൾ കെട്ടിയ വണ്ടിയിലാണഛാ വലിച്ചുകൊണ്ടുപോയതു്. അഛനെത്ര മാലകിട്ടി." എന്നൊക്കെ ചോദ്യമായി ഞാൻ കഥയറിയാതെ അയാമ്പരന്നു. പിന്നീടാണു മനസ്സിലാക്കിയതു്. കർക്കടകം 14-ാംനു ഞാൻ കുത്താട്ടുകുളത്തു അദ്ധ്യക്ഷം വഹിച്ചതായും 13 കാളകളെ കെട്ടിയ രഥത്തിൽ എന്നെ എതിരേററതായും മററും കേരളകൗമുദിയിൽ റിപ്പോർട്ടുണ്ടായിരുന്നു'കഥ. ഇങ്ങനെ കള്ളവാർത്തകൾ പ്രസിദ്ധപ്പെടുത്തുന്നവയാണു നമ്മുടെ നാട്ടിലെ പത്രങ്ങളെല്ലാം. അതുകൊണ്ടു ഞാൻ അവയൊന്നും വായിക്കാറില്ല. പത്രം വായിക്കുന്നെങ്കിൽ മദ്രാസിൽനിന്നു പുറപ്പെടുന്ന പത്രങ്ങൾ വായിക്കണം. ഇവിടത്തെ പത്രങ്ങളധികവും കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിലുള്ള പുനലൂരെ തൊഴിലാളികൾ ഉണ്ടാക്കുന്ന ഒരു വക വൃത്തികെട്ട കടലാസിൽ അച്ചടിക്കുന്നവയാണു്. കമ്മ്യൂണിസ്റ്റുകാർക്കു് ഇന്ത്യയിൽ ഒരു നിലയും ഇല്ലെന്നു എന്റെ ഈയിടയിലെ ഡൽഹിയാത്ര കൊണ്ടു എനിക്കു മനസ്സിലായി. ഞാൻ യാത്ര ചെയ്ത ഗ്രാൻഡ് ട്രങ്ക് എക്സ്പ്രസിൽ തന്നെ കമ്മ്യൂണിസ്റ്റുകാർ എത്രയോ ചുരുക്കമായിരുന്നു.

എന്നെപ്പററി എന്റെ പരമസുഹൃത്തുക്കളിൽ ചിലർക്കും ചെറുപ്പക്കാരിൽ മിക്കവർക്കും ആശങ്ക ഉണ്ടെന്നു പറയപ്പെടുന്നു. ഞാൻ ഡൽഹിയിൽ വച്ചു് ദിവാൻജിയെ സന്ദർശിച്ചതാണത്രെ ഇതിനു കാരണം. ദിവാൻജിയെ കണ്ടതിൽ എന്താണു് തെററെന്നു് എനിക്കറിഞ്ഞുകൂടാ. ഞാൻ ദിവാൻജിയെ കാണണമെന്നു ആവശ്യപ്പെടുകയല്ല, ചെയ്തതെന്നു എന്നെ വിമർശിക്കുന്നവർ മനസ്സിലാക്കുന്നില്ല. ദിവാൻജി എന്നെ കാണണമെന്നു ആവശ്യപ്പെട്ടപ്പോൾ ഞാൻ പോകുകയാണു ചെയ്തതു്. ദിവാൻജിക്കു എന്നും എന്നെ കാണണമെന്നു പറയുകയാണെങ്കിൽ എന്നും ഞാൻ പോകുക തന്നെ ചെയ്യും. ഞാൻ കൂടി ഭക്തിവിലാസത്തു താമസിക്കണമെന്നു ദിവാൻജി പറഞ്ഞാൽ ഞാനവിടെ താമസിക്കുകയും ചെയ്യും. എന്നെപ്പററി യാതൊരു സംശയത്തിനും കാരണമില്ല. എന്നെ എനിക്കു നല്ലപോലെ അറിയാം. ദിവാൻജി കാണണമെന്നു പറഞ്ഞാൽ ഒളിച്ചിരിക്കുവാൻ മാത്രം ഭീരുവല്ല പട്ടം താണുപിള്ള. പട്ടം പൊതു

## പിന്നോട്ടം

ജനസേവനം തുടങ്ങിയതു് ഇന്നോ ഇന്നലെയോ അല്ല. കാണണമെന്നാവശ്യപ്പെടുന്നവരെ കാണാതിരിക്കുന്നതു വലിയ തെററാണു്. എന്നാൽ മി. നെയ്യാററിങ്കര ടി. കെ. നാരായണപിള്ള ചെയ്തതു ശരിയായില്ല. ദിവാൻജിയെ കാണണമെന്നു അങ്ങോട്ടു ആവശ്യപ്പെടുകയാണു അദ്ദേഹം ചെയ്തതു്. അങ്ങനെ ചെയ്യുവാൻ ഒരു രാഷ്ട്രീയപ്രവർത്തകനു സ്വാതന്ത്ര്യമില്ല. സർ സി. പി. രാമസ്വാമി അയ്യർ എന്നെ പ്രശംസിച്ചതു എന്റെ കുററം കൊണ്ടാണോ? സർ സി. പി. വലിയൊരു രാജ്യതന്ത്രജ്ഞനാണു്. അദ്ദേഹത്തിനിഷ്ടമുള്ളതും ശരിയെന്നു തോന്നുന്നതും അദ്ദേഹം പറയും. അതുപോലെ തന്നെ എനിക്കു ശരിയെന്നു തോന്നുന്നതു ഞാനും പറയും. ഞാൻ ദിവാൻജിയെ കണ്ടതുകൊണ്ടു ഒട്ടുവളരെ ഗുണങ്ങൾ ഉണ്ടായിട്ടുണ്ടു്. ദിവാൻജിയെ സാധാരണ കണ്ടുകൊണ്ടിരുന്ന മന്നത്തു പത്മനാഭപിള്ളയും മററും സ്റ്റേററു കോൺഗ്രസ്സിലേക്കു വരുവാൻ തീരുമാനിച്ചതു സ്വാഗതാർഹമാണു്. നാമും ദിവാൻജിയെ കാണുന്നവരാണെന്നു അവർക്കു ഇപ്പോൾ ബോദ്ധ്യമായിരിക്കണം. അതുപോലെ തന്നെ എസ് എൻ ഡി പി ക്കും ഇനി കോൺഗ്രസ്സിൽ ചേരുന്നതിനു തടസ്സമുണ്ടായിരിക്കയില്ല. എന്നെപ്പററി ആർക്കും യാതൊരു സംശയങ്ങളും ഉണ്ടാകരുതെന്നും എന്നെ അവിശ്വസിക്കരുതെന്നും ഞാൻ വീണ്ടും പറയുന്നു. അമ്പതു കൊല്ലം മുമ്പു പട്ടം താണുപിള്ള ആരായിരുന്നോ, ആ പട്ടം തന്നെയാണു ഇന്നു നിങ്ങളുടെ മുമ്പിൽ നിൽക്കുന്നതു്. അന്നത്തെതിൽ നിന്നു, ഇന്നു സ്വല്പം കൂടി പ്രായം കൂടിയിട്ടുണ്ടു്. എങ്കിലും മററു സംഗതികളിൽ യാതൊരു മാററവും വന്നിട്ടില്ല.

പണ്ടു ഈ മൈതാനത്തു ഞാൻ പ്രസംഗിക്കുവാൻ ഗവ. സമ്മതിച്ചിരുന്നില്ല. എന്നാൽ ഇന്നിതാ മൈതാനം തുറന്നു കിടക്കുന്നു. ഗവർമ്മെണ്ടിന്റെ നയത്തിൽ കാര്യമായ മാററങ്ങൾ വന്നിട്ടുണ്ടെന്നാണു ഇതു തെളിയിക്കുന്നതു്. നാം ഉത്തരവാദഭരണത്തിന്റെ വക്കിൽ എത്തിയിരിക്കുന്നു. വേവുന്നതു വരെ ക്ഷമിക്കാമെങ്കിൽ എന്തു കൊണ്ടു ആറുന്നതുവരെ ക്ഷമിച്ചുകൂടാ. എങ്കിലും നമ്മുടെ എല്ലാസങ്കടങ്ങൾക്കും പരിഹാരം ഉണ്ടായിട്ടില്ല. കോൺസ്റ്റിററുവൻറു് അസം

ള്ള അവകാശം തങ്ങൾ ഉപേക്ഷിക്കില്ലെന്നും മർദ്ദനത്തിനെതിരായി തങ്ങൾ പ്രതിഷേധപ്രകടനങ്ങൾ നടത്താതിരിക്കയില്ലെന്നും തൊഴിലാളികൾ വ്യക്തമാക്കണം.

സാമ്രാജ്യത്വവുമായി സന്ധി ചെയ്യുകയും സ്ഥാപിതതാല്പര്യങ്ങളെ പ്രീണിപ്പിക്കയുമെന്ന ഇന്നത്തെ അപായകരമായ നയം കൈവെടിയാൻ ജനങ്ങളുടെയും തൊഴിലാളികളുടെയും ഐക്യം മന്ത്രിസഭകളെയും കോൺഗ്രസ്സ് നേതൃത്വത്തെയും നിർബന്ധിക്കണം.

കാൽസിഫെറോ

(രജിസ്റ്റേർഡ്)

കൈകാലുകൾ മെലിഞ്ഞും, നെഞ്ചുന്തിയും, വയർ ചാടിയും, കവിൾ വീർത്തും, വിളറിയും തീരെ ആരോഗ്യം നശിച്ച കുട്ടികൾക്കു ഏററവും ഉത്തമമായ ടോണിക്ക്. കുഞ്ഞുങ്ങൾക്കു ദഹനസംബന്ധമായുണ്ടാകുന്ന സകല തകരാറുകളും നിശ്ശേഷം മാററുന്നു

അസ്ഥിവളർച്ചയ്ക്കും ശരീരപുഷ്ടിക്കും ഉത്തമം

ഫലസിദ്ധിയുള്ള പല അപൂർവ ഔഷധങ്ങളുടെ രസവും, കാൽസിയം, ഇരുമ്പ്, മഗ്നീഷ്യം മുതലായ ധാതുദ്രവ്യങ്ങളും തേനും മാൾട്ടും ചേർത്തു ശാസ്ത്രീയമായി തയാർ ചെയ്തിട്ടുള്ളതു്

എല്ലാ മരുന്നുഷാപ്പുകളിലും കിട്ടും

ആർ. സുഗതൻ

# റെയിൽവെ പണിമുടക്ക്

ഗോൾഡൻറോക്ക് റെയിൽവെ തൊഴിലാളി യൂണിയൻ തെക്കെ ഇൻഡ്യയിലെ ഏററവും വലിയ ട്രേയിഡ് യൂണിയൻ സംഘടനയാണ്. 1946 ആഗസ്റ്റ് 24-ാംനു- മുതൽ ഈ യൂണിയൻ പൊതുപണിമുടക്കം നടത്തിവരുന്നു. സംഘടനാശക്തിയിലും, സമരശൗര്യത്തിലും റെയിൽവെ തൊഴിലാളികൾ ഇൻഡ്യയിലെ മുന്നണി വിഭാഗമാകുന്നു. ഇവരുടെ പണിമുടക്കത്തീരുമാനം ഇൻഡ്യൻ തൊഴിലാളികളെ ആകമാനം ഉണർത്തി. കരിങ്കാലന്മാരെ അമ്പരിപ്പിച്ചു. റയിൽവെ അധികാരികളും പോലീസും ഈ തീരുമാനത്തെ ആശങ്കയോടെ വീക്ഷിക്കുന്നു

സാമ്രാജ്യശക്തിക്കെതിരായി വീശാൻ പോകുന്ന വലിയ കൊടുങ്കാററാണ് ഈ പണിമുടക്കം. ട്രേയിഡ് യൂണിയൻ അവകാശങ്ങൾക്കെതിരായി നിൽക്കുന്ന എല്ലാ പിന്തിരിപ്പൻ ശക്തികളേയും തുടച്ചുമാററാൻ ഈ സമരത്തിനു കഴിയും. കരിങ്കാലന്മാരും, സാമ്രാജ്യത്വത്തിൻെറ കൂട്ടാളികളും ഇതിനെ എതിർക്കുന്നതു സ്വാഭാവികമാണ്. എന്നാൽ സംഘടിത തൊഴിലാളിവർഗത്തിൻെറയും, ദേശാഭിമാനികളായ നാട്ടുകാരുടെയും രോജിച്ചുള്ള പ്രഹരമേററ് എതൃകക്ഷികൾ നിലംപതിക്കും എന്നതിൽ സംശയമില്ല.

ഗോൾഡൻ റൊക്കിലെ റയിൽവെ വർക്ക്ഷാപ്പിൻെറ മുമ്പിൽ കുട്ടികളും സ്ത്രീകളും അടക്കം 15000-ത്തോളം വരുന്ന തൊഴിലാളികളുടെ പിക്കററിംഗ് പണിമുടക്ക പ്രഖ്യാപനത്തിനു മുൻപുതന്നെ നാട്ടുകാർ കാണാൻ കഴിഞ്ഞിട്ടുള്ളതാണ്. വെയിലും മഴയും ഈ സമരത്തിൽനിന്നു അവരെ പിന്തിരിപ്പിച്ചില്ല. ചൂടും തണുപ്പും അവകാശസമരത്തിനു മുമ്പിൽ അവർക്ക് ഒരു കാര്യമേ അല്ല. 5000-ത്തിൽപരം വരുന്ന റെയിൽവെ തൊഴിലാളികളുടെ കുട്ടികളും ഭാര്യമാരും ഇതിൽ പെടും. 5000 സമരവീരന്മാർക്കെതിരായി 1000 പോലീസുകാരെയാണ് സാമ്രാജ്യത്വം ഗോൾഡൻ

(ശേഷം 11-ാം പേജിൽ)

---

ബ്ളീയിലേക്കയയ്ക്കുന്ന 6 പേരിൽ 3 പേർ അന്യദേശസ്ഥന്മാരായിരിക്കുമെന്നും അവരെ നിയമസമിതികൾ തെരഞ്ഞെടുക്കുമെന്നും ദിവാൻജി പ്രസ്താവിച്ചിട്ടുണ്ട്. ഒരാളെ കൂടിയെങ്കിലും തെരഞ്ഞെടുത്തുകൂടേ എന്നു ഞാൻ ചോദിക്കുന്നു?

ഇനി എനിക്കു ഭരണപരിഷ്ക്കാരത്തെപ്പററി കൂടി പറയേണ്ടതുണ്ട്. ഭരണപരിഷ്ക്കാരം അമേരിക്കൻ മോഡലാണെന്നു പറയുന്നതു മുഴുവൻ ശരിയല്ല. മാററാൻ പാടില്ലാത്ത എക്സിക്യൂട്ടീവിനെപ്പററി വളരെ പറയാനുണ്ട്. അതിനു വളരെയധികം നല്ല വശങ്ങളും അത്രയും തന്നെ ചീത്തവശങ്ങളും ഉണ്ട്.

ഇത്രയും പറഞ്ഞിട്ടും നിങ്ങൾക്കു എന്നെപ്പററിയുള്ള സംശയം തീർന്നിട്ടില്ലെങ്കിൽ അതു് എൻെറ കുററമല്ല, നിങ്ങളുടെ കുററമാണ്."

---


## സുകൃതൻ

പുറമെ മാത്രം പുരട്ടിയാൽ തേമൽ പൊരിച്ചണി, പുഴക്കടി, പൊരിയണി, ചുണങ്ങ്, ഇവകൾ നിശ്ശേഷം മാറും.

ഒരാളിനുള്ള കുപ്പി 1-ക്കു വില ക.2 മാത്രം. ഫലപ്രാപ്തിയുള്ള ഞങ്ങളുടെ ആയുർവേദൌഷധങ്ങൾ ഒരിക്കൽ പരീക്ഷിച്ചറിയുവിൻ.

എൻ. മാധവൻവൈദ്യൻ
(V. V. Visarad)
എം. എ ഫാർമസി
ചിന്നക്കട-കൊല്ലം


---


## പ്രസന്നകേരളം

കളരിക്കൽബസാർ കോട്ടയം.

വരിസംഖ്യ

| | |
|---|---|
| ഒരാണ്ടത്തേക്ക് | 6 ക. |
| ആറുമാസത്തേക്കു | 3 ക. |
| മൂന്നുമാസത്തേക്കു | ഒന്നരക. |

വി. പി. ഏർപ്പാടില്ല.

പരസ്യക്കൂലിനിരക്ക് എഴുതിച്ചോദിക്കുക.

മാനേജർ
പ്രസന്നകേരളം
കോട്ടയം


---


## ധാതുകല്പം

നിങ്ങളുടെ ശരീരം ഏവർക്കും സങ്കടകരമാം വിധം മെലിഞ്ഞും ധാതുശക്തി നിങ്ങളുടെ അഭിമാനത്തേയും ആനന്ദത്തേയും നശിപ്പിക്കത്തക്ക രീതിയിൽ ക്ഷയിച്ചുംഇരുന്നുകൊള്ളട്ടെ! നിങ്ങൾ വൃദ്ധനായാലും യുവാവായാലും ശരി; ധാതുകല്പം നിങ്ങളുടെ ശരീരത്തിൽ എല്ലാ അവയവങ്ങൾക്കും മാംസപേശികൾക്കും ശരിയായ പുഷ്ടിയും ബലവും ഓജസ്സും ഉളവാക്കി ശരീരം പുഷ്ടിപ്പെടുത്തുകയും, ധാതുശക്തിയെ പതിന്മടങ്ങു വർദ്ധിച്ച് നിത്യയൌവ്വനം പുനഃസ്ഥാപിക്കുകയും ചെയ്യുന്നു. ലിംഗശൈഥില്യത്തെ അകററുന്നു. ദാമ്പത്യജീവിതം വിജയകരമാക്കുന്നു. ആരോഗ്യപരമായ ദീർഘായുസ്സ് പ്രദാനം ചെയ്യുന്നു. പ്രകൃത്യാ മെലിഞ്ഞവരേയും പുഷ്ടിപ്പെടുത്തും.

റാത്തൽ ഒന്നിന് ആറുരൂപാ മാത്രം. പാക്കിങ്ങുപോസ്റ്റേജ് പ്രത്യേകം.

മാനേജർ,
വിജയാ ഫാർമസി. H. O. തട്ടാരമ്പലം,
P. O. മാവേലിക്കര
ബ്രാഞ്ച്—പുതിയവിള. തിരുവിതാംകൂർ.


---


## മന്മഥചിന്താമണിലേഹ്യം

ഇതു് പുരുഷന്മാർക്ക് ധാതുസംബന്ധമായുണ്ടാകുന്ന എല്ലാവിധ രോഗങ്ങളേയും ഉന്മൂലനാശം ചെയ്തു് ശരീരത്തിനു നല്ല ഓജസ്സും, തേജസ്സും ഉണ്ടാക്കുന്നു. ധാതുക്ഷയത്താലോ മററെതെങ്കിലും സുഖക്കേടുകളാലോ ശരീരം മെലിഞ്ഞു് കണ്ണുകുഴിഞ്ഞു് നടക്കാൻപോലും ശക്തിയില്ലാതെ അസ്ഥിയും തൊലിയും മാത്രം ശേഷിച്ച് മനസ്സിടിഞ്ഞു് കഷ്ടപ്പെടുന്നവർക്ക് ഇതൊരു അപൽബന്ധുവാണ്. സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം, ധാതുക്ഷയം മുതലായ സുഖക്കേടുകളാൽ നിരാശപ്പെട്ടു് മനസ്സിടിഞ്ഞു ലജ്ജകൊണ്ടു വെളിയിൽ പറയാൻ മനസ്സില്ലാതെ വലയുന്നവർക്ക് ഇതൊരു ദിവ്യാമൃതമാണ്. പരീക്ഷിച്ചുനോക്കുവിൻ!! റാത്തൽ ഒന്നിനു് വില 4—8—0 ക്യാററ്ലാഗ് ഇനാം

മദ്രാസ് മെഡിക്കൽഹാൾ പുത്തൻചന്ത
തിരുവനന്തപുരം

കെ. ദാമോദരൻ

# ധനശാസ്ത്രം— എന്ത്? എന്തിന്?

മനുഷ്യന് ഒഴിച്ചുകൂടാൻ വയ്യാത്ത പല ആവശ്യങ്ങളുമുണ്ട്. ഭക്ഷണം, വസ്ത്രം, വീട് തുടങ്ങിയ സാമഗ്രികൾ കൂടാതെ അവന് ജീവിച്ചിരിക്കാൻ വയ്യ. ഇതൊക്കെ വേണമെങ്കിൽ അവൻ പണിയെടുക്കണം, അദ്ധ്വാനിക്കണം. ഭക്ഷണം സമ്പാദിക്കാനും വസ്ത്രമുണ്ടാക്കാനും വീടുണ്ടാക്കുവാനും അതുപോലെയുള്ള മറ്റാവശ്യങ്ങൾ നിറവേറ്റുവാനും അദ്ധ്വാനം കൂടിയേ കഴിയൂ, ഭൂമിക്കടിയിൽ കിടക്കുന്ന കൽക്കരിയോ ഇരിമ്പോ പുറത്തെടുക്കേണ്ടവന് ആവശ്യമായ സാമഗ്രികൾ നിർമ്മിക്കുവാൻ അദ്ധ്വാനം ചെലുത്തണം. കാട്ടിൽ കിടക്കുന്ന മരം വെട്ടിമുറിച്ചുകൊണ്ടുവന്ന് വീടുണ്ടാക്കണമെങ്കിലും അദ്ധ്വാനം ആവശ്യമാണ്. പ്രകൃതിയിൽ കാണുന്ന വിഭവങ്ങളെ സ്വന്തം പ്രയത്നമുപയോഗിച്ച് തനിക്കനുകൂലമാക്കി തീർക്കുകയാണ് മനുഷ്യൻ ചെയ്യുന്നത്. ഈ പ്രവൃത്തിക്കാണ് ഉൽപ്പാദനം എന്ന് പറയുന്നത്. സാമൂഹ്യ വളർച്ചയുടെ ഏതു ഘട്ടത്തിലായാലും ശരി ഏതു സമുദായഘടനയിലായാലും ശരി ഏതു രാജ്യത്തിലായാലും ശരി ജീവിതനിർവഹണത്തിന് ഉൽപാദനം കൂടിയേ കഴിയൂ.

പണിയെടുക്കാൻ പണിയായുധം വേണം. ഉൽപാദനോപകരണങ്ങളുടെ സഹായത്തോടുകൂടിയാണ് മനുഷ്യൻ ഉൽപാദനം നടത്തുന്നത്. ഈ ഉൽപാദനോപകരണങ്ങളും അവയെ ഉപയോഗിച്ചു, പ്രവൃത്തിയിൽ വൈദഗ്ധ്യംനേടി ആ വൈദഗ്ധ്യത്തെ തങ്ങളുടെ സന്താനപരമ്പരകൾക്ക് സമർപ്പിക്കുകയും അങ്ങനെ ഉൽപാദനം തുടർന്നുകൊണ്ടുപോകാൻ സഹായിക്കുകയും ചെയ്യുന്ന മനുഷ്യരും എല്ലാംകൂടിയാൽ സമുദായത്തിലെ ഉൽപാദനശക്തികളായി.

മനുഷ്യർ ഇങ്ങനെ ഉൽപാദനം നടത്തുന്നത് ഒററയ്ക്കൊററയ്ക്കല്ല കൂട്ടംകൂട്ടമായിട്ടാണ്. ഒരു ഖനിയോ ഫാക്ടറിയോ തനിയെ, മററുള്ളവരുടേയും സഹായം കൂടാതെ ഉപയോഗിക്കുവാൻ ഒരാൾക്ക് എങ്ങിനെ സാധിക്കും. നൂറുകണക്കായി, ആയിരക്കണക്കായി ആളുകൾ യോജിച്ചുകൊണ്ടാണു- സാമൂഹ്യമായിട്ടാണ് - സമുദായത്തിൽ ഉൽപ്പാദനം നടത്തുന്നത്. മുതലാളിത്തരീതിയിലുള്ള ഉൽപാദനത്തിൽമാത്രമല്ല ഈ പരസ്പരബന്ധം കാണപ്പെടുന്നത് കൃഷിക്കാരന് തന്റെ കണ്ടത്തിൽ പണിയെടുക്കാനും കൈവേലക്കാരന് പണിയായുധങ്ങളുണ്ടാക്കി പ്രവൃത്തിക്കാനുമെല്ലാം മറ്റുള്ളവരുടെ സഹായം ആവശ്യമാണ്. തങ്ങളുടെ ഒഴിച്ചുകൂടുവാൻ വയ്യാത്ത ആവശ്യങ്ങളുടെ നിർവഹണത്തിനുവേണ്ടി മനുഷ്യർ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള പരസ്പരബന്ധത്തിലേർപ്പെടുന്നു. കാറൽ മാർക്സ് എഴുതുകയുണ്ടായി;- "ഒരു സവിശേഷരീതിയിൽ സഹകരിച്ചുംനിന്നും തങ്ങളുടെ അദ്ധ്വാനഫലങ്ങളെ പരസ്പരം കൈമാറിയും മാത്രമേ മനുഷ്യർക്ക് ഉൽപ്പാദനം നടത്താൻ കഴിയുകയുള്ളു. ഉൽപ്പാദനം നടത്തുവാനായി അവർ വ്യക്തമായ ചില പരസ്പരബന്ധങ്ങളിലേർപ്പെടുന്നു. ഈ പരസ്പരബന്ധങ്ങളുടെ പരിധിയ്ക്കകത്തുനിന്നുകൊണ്ടു മാത്രമേ അവർ പ്രകൃതിയെ ഉപയോഗപ്പെടുത്തുന്നുള്ളു, ഉൽപ്പാദിപ്പിക്കുന്നുള്ളു."

ഈ പരസ്പരബന്ധങ്ങൾ ചിലപ്പോൾ എല്ലാവരുടേയും സമത്വത്തോടുകൂടിയവയായിരിക്കാം. മറ്റു ചിലപ്പോൾ ഒരു വിഭാഗം ജനങ്ങൾക്കു മറ്റൊരുവിഭാഗത്തിന്റെമേൽ നടത്തുന്ന നിർബന്ധത്തെ അടിസ്ഥാനപ്പെടുത്തിയവയായിരിക്കാം. ഏതായാലും ഏതു സാമൂഹ്യഘടനയിലും നിശ്ചിതമായ ഉൽപ്പാദനബന്ധമുണ്ടായിരിക്കുമെന്ന് തീർച്ചയാണ്. ഈ ഉൽപ്പാദനബന്ധങ്ങളും ഉൽപ്പാദനശക്തികളും കൂടിയതിനെയാണ് ഉൽപ്പാദനരീതി എന്നു പറയുന്നത്. "ഭൗതികജീവിതത്തിലെ ഉൽപ്പാദനരീതിയാണ് സമുദായത്തിന്റെ രാഷ്ട്രീയവും മാനസികവും ആത്മീയവുമായ സ്വഭാവവിശേഷങ്ങളെ നിർണ്ണയിക്കുന്നത്."

എന്നാൽ ഉൽപ്പാദനരീതിയും ഉൽപ്പാദനബന്ധങ്ങളും ഒരേനിലയ്ക്ക് യാതൊരു മാററവും കൂടാതെ അധികകാലം നിലനിൽക്കുകയില്ല. അവയെല്ലായ്പ്പോഴും മാറിക്കൊണ്ടും വളർന്നുകൊണ്ടുമിരിക്കുന്നു. കല്ലും മരക്കഷണങ്ങളും പണിയായുധങ്ങളായി ഉപയോഗിച്ചിരുന്ന പ്രാചീനമനുഷ്യന്റെ ഉൽപ്പാദനസമ്പ്രദായം കൂടുതൽ പരിഷ്ക്കരിച്ച മറ്റൊരുൽപ്പാദനസമ്പ്രദായത്തിന്നു വഴിമാറിക്കൊടുക്കുന്നു. ആദ്യം ഉൽപ്പാദനശക്തികളിൽ പ്രത്യേകിച്ചും ഉൽപ്പാദനോപകരണങ്ങളിൽ മാററമുണ്ടാകുന്നു. അതോടുകൂടി ഉൽപാദനരീതിയിലാകെ മാററം വന്നുചേരുന്നു. ഉൽപ്പാദനശക്തികൾ മാറുകയും വളരുകയും ചെയ്യുന്നതോടൊപ്പം മനുഷ്യരുടെ ഉൽപ്പാദനബന്ധങ്ങൾക്കും മാററം സംഭവിക്കുന്നു. ഇങ്ങിനെയാണ് ക്രമത്തിൽ ക്രമത്തിൽ നൂററാണ്ടുകളുടെ മാററങ്ങളുടേയും വളർച്ചകളുടേയും ഫലമായി വലിയ വലിയ യന്ത്രങ്ങളും വൻകിട വ്യവസായങ്ങളും ആവിർഭവിച്ചത്.

സാമൂഹ്യജീവിതത്തിൽ മനുഷ്യർ പരസ്പരം ഏർപ്പെടുന്ന ഈ സാമ്പത്തിക ബന്ധങ്ങളെപ്പററിയുള്ള പഠനമാണ് ധനശാസ്ത്രം. സമുദായത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും ആവശ്യമായ വസ്തുക്കളുടെ ഉൽപാദന വിതരണങ്ങളെപ്പററിയും അവയെ നിയന്ത്രിക്കുന്ന നിയമങ്ങളെപ്പററിയുമാണ് ധനശാസ്ത്രം പ്രതിപാദിക്കുന്നത്. അതുകൊണ്ട് ധനശാസ്ത്രം ഒരു സാമൂഹ്യശാസ്ത്രമാണ്. എംഗെൽസ് പറയുന്നു. "ധനശാസ്ത്രമെന്നത്, അതിന്റെ ഏററവും വിപുലമായ അർത്ഥത്തിൽ, മനുഷ്യസമുദായത്തിലെ ഭൗതികമായ ജീവനോപകരണങ്ങളെ ഉൽപാദിപ്പിക്കുകയും കൈമാറുകയും ചെയ്യുന്നതിന്നടിസ്ഥാനമായ നിയമങ്ങളുടെ ശാസ്ത്രമാണ്".

ഉൽപാദന വിതരണങ്ങളുടെ ഉപാധികൾ ഓരോരാജ്യത്തും ഓരോമാതിരിയാണ്. കാലം മാറുന്നതോടൊപ്പം അവയ്ക്കും മാററംസംഭവിക്കുന്നു. അതിനാൽ എല്ലാരാജ്യങ്ങളുടെയും ചരിത്രപരമായ എല്ലാ കാലഘട്ടങ്ങളുടേയും ധനശാസ്ത്രം ഒരേമാതിരിയായിരിക്കയില്ല. അതുകൊണ്ട് ധനശാസ്ത്രം ഒരു സാമൂഹ്യശാസ്ത്രംമാത്രമല്ല, ചരിത്രപരമായ ഒരു ശാസ്ത്രംകൂടിയാണ്. ചരിത്രപരമായ, ഇടതടവില്ലാതെ മാറിക്കൊണ്ടിരിക്കുന്ന, കാര്യങ്ങളെപ്പററിയാണത് പ്രതിപാദിക്കുന്നത് ലെനിൻ പറയുന്നതുപോലെ, സാമൂഹ്യോൽപാദനത്തിന്റെ വളർന്നുവരുന്ന ചരിത്രപരമായ, വ്യവസ്ഥകളെപ്പററി പ്രതിപാദിക്കുന്ന ശാസ്ത്രമാണ് ധനശാസ്ത്രം."

എന്നാൽ പ്രാചീനകാലഘട്ടങ്ങളിലെ സാമ്പത്തിക ബന്ധങ്ങളെപ്പററി പ്രതിപാദിക്കുന്ന ധനശാസ്ത്രം വിപു

## ചെറുകഥ

(4-ാം പേജിൽനിന്നും തുടർച്ച)

വിവരം അന്വേഷിച്ചു.

"എന്തോ, ഞങ്ങൾക്കറിവില്ല നിങ്ങൾ ഇവിടെനിന്നും താമസം മാററിയതിന്റെ പിറേറന്നാൾ കൃഷ്ണപിള്ളയും പോയി. എങ്ങോട്ടെന്ന ആരോടും പറഞ്ഞില്ല" അതിൽ ഒരാൾ പറഞ്ഞു

ലമായ തോതിൽ ഇനിയും എഴുതപ്പെട്ടുകഴിഞ്ഞിട്ടില്ല. മുതലാളിത്ത കാലഘട്ടമായപ്പോൾ മാത്രമാണ് ഈ ശാസ്ത്രത്തിനു അതർഹിക്കുന്ന സ്ഥാനം ലഭിക്കാൻതുടങ്ങിയതു്. പഴയ ഉൽപാദന ബന്ധങ്ങളോട് പോരാടുവാനുള്ള ശക്തിയേറിയ ഒരായുധമെന്ന നിലയ്ക്ക ധനശാസ്ത്രം ഉപയോഗിക്കപ്പെടാൻതുടങ്ങിയതു് അപ്പോൾമുതൽക്കാണ് മുതലാളിത്തരീതിയിലുള്ള ഉൽപാദനരീതിയുടെ ഉത്ഭവവും വളർച്ചയുമാണ് അതിലെ ഉള്ളടക്കം. ഫ്യൂഡലിസ്റ്റ് രീതിയിലുള്ള ഉൽപാദനബന്ധങ്ങളുടെ അവശിഷ്ടങ്ങളെ കർശനമായി വിമർശിക്കുക പഴയ ഉൽപാദനബന്ധങ്ങളുടെ സ്ഥാനത്തു് പുതിയ മുതലാളിത്തരീതിയിലുള്ള, ഉൽപാദനവിതരണങ്ങളെ പ്രതിഷ്ഠാപിക്കേണ്ടതിന്റെ ആവശ്യകതയെ വ്യക്തമാക്കുക—ഇതാണ് മുതലാളിത്ത കാലഘട്ടത്തിലെ ധനശാസ്ത്രം നിർവഹിച്ചിട്ടുള്ള ചരിത്രപരമായ പങ്ക്.

പക്ഷെ, മുതലാളിധനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ മുതലാളിത്തരീതിയിലുള്ള ഉൽപാദനവിതരണങ്ങൾ യുക്തിയുക്തങ്ങളും അധൃഷ്യങ്ങളുമാണ്, അവയുടെ ധനശാസ്ത്രനിയമങ്ങൾ എല്ലാരാജ്യത്തേക്കും എല്ലാകാലത്തേക്കും പററിയവയാണ്. കാരണം, മുതലാളിത്തരീതിയിലുള്ള സാമൂഹ്യഘടന ശാശ്വതമാണെന്നവർ വിചാരിക്കുന്നു. സാമൂഹ്യവളർച്ചയുടെ ഒരു സവിശേഷഘട്ടംമാത്രമാണു മുതലാളിത്തമെന്നോ മുൻപുണ്ടായിട്ടുള്ള എല്ലാ സാമൂഹ്യഘടനകൾക്കുമെന്നപോലെതന്നെ മുതലാളിത്തത്തിനും നാശമുണ്ടാകുമെന്നോ ആലോചിക്കുവാൻപോലും അവർ തയ്യാറില്ല.

ഈ ധനശാസ്ത്രത്തെ വിമർശനപരമായി പരിശോധിച്ചു യുക്തിയുക്തമായ വാദത്തിൽ മുന്നോട്ടു കൊണ്ടുപോകുകയാണു മാർക്സിസ്റ്റ് ധനശാസ്ത്രം ചെയ്യുന്നതു. പഴയ ഫ്യൂഡലിസ്റ്റു സാമൂഹ്യഘടനയുടെ അവശിഷ്ടങ്ങളിൽനിന്നു മുതലാളിത്തം ജനിച്ചുവളർന്നതെങ്ങനെയെന്നു വിവരിക്കുക, മുതലാളിത്തസമുദായത്തിന്റെ വികാസനിയമങ്ങളെ വ്യക്തമാക്കുക മുതലാളിത്തസാമൂഹ്യഘടനയുടെ സ്വഭാവമെന്താണെന്നും ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരായ മുതലാളിമാർക്കു ഭൂരിപക്ഷക്കാരായ തൊഴിലാളികളെ ചൂഷണം ചെയ്യാൻ സാധിക്കുന്നതെങ്ങിനെയെന്നും തുറന്നുകാണിക്കുക, മുതലാളിത്തത്തിലടങ്ങിയ വൈരുദ്ധ്യങ്ങൾ അതിന്റെതന്നെ ശവക്കുഴിതോണ്ടുന്നതെങ്ങനെയെന്നു ചൂണ്ടിക്കാണിക്കുക, ഇതാണു മാർക്സിയൻ ധനശാസ്ത്രം ചരിത്രപരമായി നിർവഹിക്കുന്ന പങ്ക്

ഇന്നു മുതലാളിത്തം അതിന്റെ അധഃപതനഘട്ടത്തിലെത്തിയിരിക്കയാണ്. അതുതന്നെ സൃഷ്ടിച്ചുവിട്ട അതിന്റെ ശത്രുക്കൾ, അതിന്റെ ശവക്കുഴിതോണ്ടുന്നവർ അതായതു തൊഴിലാളിവർഗം, ഒരു പ്രബലവർഗമായി മാറിയിരിക്കയാണ്. മുതലാളിത്തത്തിന്നെതിരായ പ്രക്ഷോഭണങ്ങൾ ലോകത്തിലെങ്ങും വളർന്നുകൊണ്ടിരിക്കയാണ്. തൊഴിലാളികളുടെയും അവരുടെ പാർട്ടിയുടെയും കീഴിൽ അണിനിരന്നുകൊണ്ട് മനുഷ്യസമുദായം അധഃപതനോന്മുഖമായ മുതലാളിത്തത്തെ തട്ടിത്തകർത്തു പുതിയ സാമൂഹ്യഘടനയിലേക്കു- സോഷ്യലിസ്റ്റ് സാമൂഹ്യഘടനയിലേക്കു- പ്രയാണമാരംഭിച്ചിരിക്കയാണ്.

ഈ പ്രയാണത്തിനു ഒഴിച്ചുകൂടാൻ വയ്യാത്ത ഒരായുധമാണ് ധനശാസ്ത്രം

---

സി. ജെ. തോമ്മസ്

(സിനിമാ)

# “മീരാ”

ഒരു തമിഴ് ചിത്രത്തെ വിമർശിക്കാൻ മാത്രം ഞാൻ അധഃപതിച്ചോ എന്നെനിക്കറിഞ്ഞുകൂടാ. ഉന്മാദചികിത്സ വശമുണ്ടായിട്ടല്ല “മീരാ” വിമർശിക്കാനൊരുമ്പെടുന്നത്. കലാപരമായ ഉദ്ദേശമാണെങ്കിൽ അതുമില്ല; “മീരാ”യിലുള്ളതിൽ കൂടുതൽ കല കഞ്ചാവിലുണ്ട്. പിന്നെയെന്താണു ഈ തൊട്ടിവേലക്കിറങ്ങുന്നതെന്നു ചോദിച്ചാൽ, അതിനു മാത്രം മറുപടി പറയാം.

തമിഴരെക്കൊണ്ടു നാം തോററു. രാഷ്ട്രീയമായിട്ടും, സാമുദായികമായിട്ടും ഇവററയെ ചുമന്നു നമ്മുടെ നടുവൊടിഞ്ഞു. അതിനു നിവൃത്തി എന്താണാവോ. ഏതായാലും കലാപരമായി അവർ പരത്തുന്ന മസൂരിക്കെങ്കിലും ഒരു പ്രതിഷേധം പ്രകടിപ്പിക്കണമല്ലോ. ഇതു ഇന്നുംഇന്നലെയും തുടങ്ങിയതല്ല. ഒരു ദേവനും ഒരു ശരീരവുമുള്ള സ്ത്രീയും ഏതെങ്കിലുമൊരു ചെട്ടിയാരുടെ കൈയിൽ കിട്ടിയാൽ കേരളത്തിലെ ജനങ്ങളുടെ സഞ്ചിയിൽനിന്നു പണം ചോർന്നുതുടങ്ങാൻ മററൊന്നും വേണ്ട കാണുന്നവരെ പറഞ്ഞിട്ടു കാര്യമില്ല. കലക്കവേണ്ടി ദാഹിച്ചു മോഹിച്ചു കഴിയുന്ന ഒരു ജനത കലയിലെ വേശ്യയെയും അവശ്യാദരേന സ്വീകരിച്ചുപോകും. തമിഴ് ചിത്രം പ്രദർശിപ്പിക്കുന്നവരെയും പറഞ്ഞിട്ടുതാഴുന്നു. ദീപസ്തംഭം “മഹാശ്ചര്യം....”

തമിഴ് ചിത്രത്തിനു കഥയുടെ ആവശ്യമില്ല. എങ്കിലും കഥ കൊണ്ടാണല്ലോ വിമർശനം തുടങ്ങേണ്ടതു്. നല്ല തടിമിടുക്കുള്ള ഒരു പെമ്പിറന്നോൾക്കു അപസ്മാരരോഗം പിടിപെട്ടു മരിക്കുന്നതാണു കഥ. ഒരു കൊച്ചു കുട്ടി വളരെ ചെറുപ്പത്തിലെ കൃഷ്ണനെ സ്വപ്നംകാണുന്നു. അതു മനശാസ്ത്രക്കാർ ന്യൂറോസിസ് (Neurosis) എന്നു പറയുന്ന രോഗമായിത്തീരുന്നതിനു മുമ്പുതന്നെ കെട്ടിച്ചുവിടേണ്ടതായിരുന്നു. എന്തുചെയ്യാം അതു നടന്നില്ല. പെണ്ണു വളർന്നു. ഒന്നാംതരം ഒരു രാജാവിനെക്കൊണ്ടു കല്യാണം കഴിപ്പിച്ചു. അതുകൊണ്ടും രോഗം മാറിയില്ല. ഭാര്യാഭർത്തൃബന്ധം കൃഷ്ണനെ ഭജിക്കുന്നവൾക്കു അത്ര നന്നല്ലത്രെ. പിന്നെയെന്തോ കുറെ ലഹളയുണ്ടായി. എന്താണെന്നു കണ്ടുപിടിക്കാൻ ഡയറക്ടറെ കണ്ടു ചോദിക്കണം. അതിനു സൌകര്യമുണ്ടായില്ല. അതെന്തെങ്കിലുമാകട്ടെ. അവസാനം “നല്ല എടത്തരം” പ്രായത്തിൽ തന്നെ മരിച്ചുവെന്നു പറഞ്ഞാൽ മതിയല്ലോ. ഇതിൽ കൂടുതൽ ഒരു സിനിമാ കഥയ്ക്കു എന്തുവേണം

കഥയിൽ ആകെ ഒരു രംഗമേയുള്ളു. ഒരു സ്ത്രീ പാട്ടുംപാടി നടക്കുക ചുററും കൂടിയിട്ടുള്ള ഒരു തരം ജന്തുക്കൾ (ഗള്ളിവർ വിവരിച്ചിട്ടുള്ള “യാഹൂ” എന്ന മൃഗമാണെന്നു തോന്നുന്നു) മുൻകാലുകൾ ഉയർത്തി കൂട്ടിയടിക്കുകയും തലയുടെ വട്ടിളകിയതുപോലെ ഇരുവശത്തേക്കും ആട്ടുകയുംചെയ്യുന്നു. ഇടയ്ക്കിടക്ക് എന്തോ ഒരു സാധനം തലയിൽ ഘടിപ്പിച്ചിട്ടുള്ള ഒരു മനുഷ്യൻവന്നു് മുഖംവീർപ്പിച്ചുകാട്ടി, കോക്രികാട്ടിക്കൊണ്ടു് ഓടിമറയുന്നു. ഇതിനെല്ലാം നടുനായകമായ സ്ത്രീക്ക് ഒരേ ഒരു ഭാവം. സങ്കടം എന്തിനാണ് സങ്കടമെന്നു് ഞാനും മനസ്സിലാക്കണമെന്നുദ്ദേശിച്ചിട്ടില്ല. നാട്ടുകാരുടെ കാശു പിടുങ്ങുന്നതും പോരാ രണ്ടുമണിക്കൂർ ഈ കാരണമില്ലാത്ത കരച്ചിൽ കണ്ടു ഇരുത്തുകയും ചെയ്യണമല്ലോ എന്നതായിരിക്കും സങ്കടകാരണം.

ഡ്രാമാററിക്ക് സന്ദർഭങ്ങളും ഈ പടത്തിൽ ഉണ്ട്. കൃഷ്ണന്റെ പ്രതിമ കണ്ണുമിഴിച്ചു കാണിക്കുന്നതാണ് ഏററം അതു്. പിന്നെ, എല്ലാ തമിഴനും കൂടിയേ തീരൂ എന്നുണ്ടല്ലോ ഇതിൽ അവിടവും കടന്നുപോയിരിക്കുന്നു. ചില ഭാഗങ്ങളുടെ ഉച്ചസ്ഥകോടിയിൽ വാതിലുകൾ അടയുകയും തുറക്കുകയും ചെയ്യുന്നുണ്ട്. “ഫോട്ടോ ഇലക്ട്രിക്ക് സെൽ„ പോലെ ഒരു സൌണ്ട് ഇലക്ട്രിക്ക സെൽ മേവാർ രാജ്യത്തുണ്ടായിരുന്നതായി അനുമാനിക്കാം.

ഫലിതത്തിനും കുറവില്ല. ആവണക്കെണ്ണ കുടിച്ചുകഴിഞ്ഞ ഒരു മുഖം ഇടയ്ക്കിടയ്ക്കു പ്രത്യക്ഷപ്പെട്ടു എന്തോ പുലമ്പി തന്നത്താൻ ചിരിച്ചു സംതൃപ്തിയടയുന്നുണ്ട്

നടീനടന്മാർ:

എം. എസ്. സുബ്ബലക്ഷ്മി അഭിനയിച്ച പടത്തെപ്പററിയാണോ ഇങ്ങനെയൊക്കെ പറയുന്നതു്.

അതെ, അതുതന്നെ. ഒരു തമിഴപ

ടംകണ്ടുകളയാം എന്നു ധൈര്യപ്പെട്ടതു തന്നെ അത്ഭുതമാണല്ലൊ. ഒന്നാംതരമായി അവർ പാടുന്നുമുണ്ട്, പക്ഷേ അതെല്ലാം ഗ്രാമഫോൺ റിക്കോർഡിലായിരുന്നെങ്കിൽ ക്ഷമയോടെ കേട്ടു രസിക്കാമായിരുന്നു. മററു കാര്യങ്ങളിലാണെങ്കിൽ ശകുന്തളയിൽ അഭിനയിച്ച സുബ്ബലക്ഷ്മിയും മീരായും തമ്മിലുള്ള ബന്ധം പണം വാങ്ങിച്ചു കൈകൾ രണ്ടിലും ഒന്നു തന്നെയാണെന്നതുമാത്രമാണ്. തീയററിന്നു മുമ്പത്തിരുന്ന പരസ്യത്തിൽ നാഗയ്യായുടെ പേരു കണ്ടു. പക്ഷേ ചിത്രത്തിൽ കാണാൻ കഴിഞ്ഞില്ല. ഉണ്ടെങ്കിൽ തന്നെ അതിലുള്ള അനേകായിരം തൂണുകളുടെ പിറകിൽ ഒളിച്ചു നിൽക്കുകയാണ്. ഏതോ സക്കാരാപ്പീസിലെ ഒരു ഡഫേദാർ കഥാനായികയുടെ അടുത്തുവന്നു മര്യാദപറയുന്നുണ്ട്.

മതി അതൊക്കെ മതി. ഹേററ് പോർട്ടർ പറയുന്നതു പോലെ 'സ്റ്റാർ വാല്യു' ഉണ്ടല്ലൊ,

**ഫോട്ടോഗ്രാഫി**

ഫോക്കസിംഗ്, ലൈററിംഗ്, കോമ്പസിഷൻ, ടോൺ ഇതെല്ലാം കഴിച്ചു ബാക്കിയുള്ളതെല്ലാം ഫോട്ടോഗ്രാഫർക്ക് നല്ല നിശ്ചയമുണ്ട്. പ്രത്യേകിച്ചു, കാമറാ തിരിച്ചും മറിച്ചും പടമെടുക്കാൻ ഒരു ഭക്തൻ മലർന്നു കിടന്നു പാടുന്നതായി തോന്നിക്കത്തക്ക രീതിയിൽ കൂടി ചിത്രമുണ്ട്. മീരാ യാത്രചെയ്യുന്നതായി കാണിക്കുമ്പോൾ പിറകിൽ കർട്ടൻ വലിച്ചു, മാറുന്നതു ഓരോ ചാട്ടങ്ങളായിട്ടാണെന്നതു കൂടി അയാൾ കാണുന്നില്ല.

**ഒരു ഗുണം**

ഈ ചിത്രത്തിൽ ഒരു ഗുണമുള്ളതു പറയാതെയിരിക്കുന്നതു അനീതിയായിരിക്കുമല്ലൊ. ഒരു സ്ത്രീയും പുരുഷന്റെ തലക്കു കുടമടിച്ചുടക്കുന്നില്ലെന്നതു തന്നെ.

**ഈശ്വരോ രക്ഷതു**

ഒരൊററ അടിപോലും നല്ലതില്ലാത്ത ഇത്തരം ചിത്രങ്ങളിൽ നിന്നു രക്ഷിക്കാൻ ഈശ്വരനല്ലാതെ ആർക്കും സാധ്യമല്ല. തമിഴന്റെ കലനന്നാവാൻ ഇനിയും യുഗങ്ങൾ വളരെ വേണം. അതിനു മുമ്പായി തന്നെ അവന്റെ സിനിമാ കേരളത്തെ ഒരു മാടൻ കോവിലാക്കിത്തീർക്കുമെന്നാണു ഭയം. സതി സമ്പ്രദായം നിറുത്തിയ ബ്രിട്ടീഷ് ഗവർമ്മെണ്ടു ഇതൊന്നു നിരോധിക്കുമോ. മദ്യവർജ്ജനം നടപ്പിലാക്കിയ കോൺഗ്രസ് മന്ത്രിസഭക്കു കഴിയുമൊ. അവന്റെ കഞ്ചാവ് മതവും പെരുവഴിയിലെ ദണ്ഡനമസ്കാരവും കലാഭാസവും പോകട്ടെ. നാട്ടുകാരന്റെ കാശു പോകുന്നതാണ് സഹിച്ചു കൂടാത്തതു്.

---

# റയിൽവെ പണിമുടക്ക്

(8-ാം പേജിൽനിന്നു തുടർച്ച)

റേക്കിൾ അന്നു നിരത്തിയതു നിരായുധരായ തൊഴിലാളികളുടെ ക്രൂ ടെറെയിൽ വർക്ക്ഷാപ്പ്, ഇലക്ട്രിക്ക് എഞ്ചിനീയറിംഗ് ഇവയിലെ പണിക്കാരും ചേർന്നിട്ടുണ്ട്. സാമ്രാജ്യ വിരോധികളായ ഇവർക്കെതിരായി അണിനിരന്നിരുന്ന മറുഭാഗം പോലീസ് സൈന്യമാണ്. കുപ്രസിദ്ധമായ മലബാർ സ്പെഷ്യൽ പോലീസ് തോക്കും ലാത്തിയുമായി സമാധാന ശീലരായ ജനക്കൂട്ടത്തെ ആക്രമിക്കുവാൻ ഇറക്കിവിട്ടിരിക്കുകയാണ്. ഇതിന്റെ പിന്നിൽ നിൽക്കുന്നതു് മദിരാശിയിലെ മന്ത്രിസഭയുടെ ആജ്ഞയാണ്. ഇന്നത്തെ പ്രധാനമന്ത്രിയായ മി. പ്രകാശം കോൺഗ്രസ്സിന്റെ സമരം നയിച്ച കാലം നാട്ടുകാർക്ക് ഓർമ്മയുള്ളതാണല്ലൊ. അന്നു് ബ്രിട്ടീഷ് പട്ടാളം നീട്ടിയ തോക്കിനു് നേരെ മുമ്പോട്ടു് അടുത്തുചെന്ന മി. പ്രകാശം ധീരദേശാഭിമാനിയാണ്. അന്നുമുതൽ അദ്ദേഹത്തിനു് "ആന്ധ്രകേസരി" എന്ന പേരും ഉണ്ടായിട്ടുണ്ട്. ഇന്നു് അദ്ദേഹം അന്നത്തെ സാമ്രാജ്യാധികാരികൾ പ്രയോഗിച്ച അടവ് റെയിൽവേ തൊഴിലാളികളുടെ നേരെ എടുക്കാൻപോകുകയാണ്. സ്വാതന്ത്ര്യപ്രേമികളും ദേശാഭിമാനികളും ഈ പരമാർത്ഥം ഇപ്പോൾ അനുസ്മരിക്കേണ്ടതാണ്. അന്നത്തെ അധികാരം ഇന്നു പ്രകാശത്തിന്റെ കയ്യിലാണെന്നു സമാധാനിക്കയല്ലാതെ മറു ഗത്യന്തരമില്ല.

**ഈ സമരം ആർക്കുവേണ്ടി**

ഇതു തൊഴിലാളികൾക്കു മാത്രമായുള്ള പോരാട്ടമല്ല. നാട്ടുകാരുടെകൂടെ സമരമാണ്. ഭക്ഷണവും വസ്ത്രവും തൊഴിലും നേടാനുള്ള സമരമാണ്. ഇന്ത്യാക്കാരെ കൊള്ളയിടാൻ സാമ്രാജ്യത്വം ഉപയോഗിക്കുന്ന റെയിൽവെ വകുപ്പ് നാട്ടുകാരുടെ വകയായി മാററാനും ഈ സമരം വഴിതെളിക്കും. നാട്ടുകാരോടു ചേർന്ന് കമ്പനിക്കാരുടെ ഉടമസ്ഥാധികാരത്തിനെതിരായി പണിമുടക്കുകാലത്തു വണ്ടി ഓടിച്ച് നാട്ടുകാർക്കുവേണ്ടി ആഹാരസാധനങ്ങൾ എത്തിക്കുവാൻ തൊഴിലാളികൾ തയ്യാറാകുന്നതാണ്. റയിനോൾഡ്സിന്റെ വരുതിയിൽ ഉള്ള വണ്ടി ഓടിക്കൽ അല്ലെന്നർത്ഥം. അതുകൊണ്ട് ഈ നയം പണിമുടക്കിനു ബാധകമാവുകയില്ല. വേലസ്ഥിരതയും യൂനിയനംഗീകാരവും നേടുന്നതോടൊപ്പം ഇൻഡ്യൻ റയിൽവെ ഇൻഡ്യാക്കാരുടെ കയ്യിൽ വന്നുചേരണമെന്നും തൊഴിലാളികൾ തീർച്ചയാക്കിയിട്ടുണ്ട്. മി. റയിനോൾഡ്സിനെപ്പോലെയുള്ളവരല്ല റയിൽവെയുടെ ഭരണം നടത്തേണ്ടതു്.

തൊഴിലാളികളുൾപ്പെടെയുള്ള നാട്ടുകാരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായിരിക്കണം. നാട്ടുകാർക്കും തൊഴിലാളികൾക്കുംവേണ്ടിയുള്ള ഈ സമരത്തിൽ എല്ലാവരും സ്വാതന്ത്ര്യത്തിന്റെയും തൊഴിലാളി താൽപര്യത്തിന്റെയും സംരക്ഷണത്തിനായി സഹഭാവപൂർവം അണിനിരക്കണമെന്നഭ്യർത്ഥിക്കുന്നു.

**ആരും കരിങ്കാലന്മാരാകരുത്**

മുതലാളിത്തവും സാമ്രാജ്യാധികാരവും ഇടംവലം നിന്നുകൊണ്ട് തൊഴിലില്ലാതാക്കിത്തീർത്ത വളരെ ആളുകൾ നമ്മുടെ നാട്ടിലുണ്ട്. അവർ ദേശാഭിമാനികളും, പൌരുഷമുള്ളവരുമാണ്. അവരെയും പട്ടാളസേവനത്തിൽനിന്ന് മടങ്ങിവന്നവരെയും ചേർത്ത് പണിമുടക്കു പൊളിക്കാൻ അധികാരിവർഗ്ഗം തക്കം നോക്കുന്നു. കരിങ്കാലന്മാരെ ഉയർത്തിക്കാണിച്ചുകൊണ്ട് മി. റയിനോൾഡ്സ് ഭീഷണിപ്രസംഗം നടത്തുന്നു. തൊഴിലില്ലായ്മക്കെതിരായി നടത്തുന്ന ഈ സമരം തൊഴിലില്ലാത്തഎല്ലാവരുടേയും മോചനത്തിനുവേണ്ടിയുള്ളതാണ്. തൊഴിലില്ലാത്തവരെ കാണിച്ചു തൊഴിലുള്ളവരുടെ അവകാശവാദത്തെ തോൽപ്പിക്കുന്ന മുതലാളിത്വത്തിന്റെ നയം നമ്മുടെവർഗ്ഗത്തെ ചതിക്കുന്നതാണ്. തൊഴിലാളികളുടെ ഐക്യത്തിൽ പിളർപ്പുണ്ടാക്കാൻ ശ്രമിക്കുന്നവരുടെകയ്യിലെ ആയുധമാകാതിരിക്കാൻ നോക്കണം. കൂടുതൽ ശമ്പളവും സൌജന്യങ്ങളും കാണിച്ചുകൊണ്ട് സ്വന്തം സഹോദരന്മാർക്കെതിരായി കരിങ്കാലൻ വേഷംകെട്ടാനാണ് അധികാരികൾ വാത്സല്യപൂർവം നമ്മെ വിളിക്കുന്നതു്. മുതലാളിത്വത്തിന്റെ കോടാലിക്കൈയാകാൻ തൊഴിലില്ലാത്തവർ പോകരുതു്. പണിമുടക്കുപ്രഖ്യാപനത്തിനു മുൻപ് തൊഴിലില്ലാത്തവരോട് ഇന്നു കാണിക്കുന്ന കാരുണ്യം മി. റയിനോൾഡ്സും കൂട്ടരും സ്വപ്നം കണ്ടിരുന്നില്ല. ഇന്നു കരിങ്കാലികളാകുന്നവരെ നാളെ തൊഴിലില്ലാത്തവരും തൊഴിലാളിവർഗ്ഗത്താലും വിരുദ്ധന്മാരായി ജനസാമാന്യം പരിഗണിക്കും. നാട്ടുകാരായ തൊഴിലാളികളെ തമ്മിൽ തല്ലിക്കുവാൻ വിദേശികളായ വ്യവസായ മേധാവികൾ കൊണ്ടുവരുന്ന കെണിയിൽപെട്ടുപോകരുതു്. (ഏ. റി ററി. യു. സി യുടെ പ്രസ്താവനയിലെ ചില ഭാഗങ്ങൾ)

---

# ലേഖനങ്ങൾ

പ്രസിദ്ധപ്പെടുത്താത്ത ലേഖനങ്ങൾ തിരിയെ കിട്ടണമെന്നാഗ്രഹമുള്ള ലേഖകന്മാർ, ലേഖനത്തോടൊന്നിച്ചു സ്റ്റാമ്പൊട്ടിച്ചയച്ചുകവർ (മേൽവിലാസമെഴുതി) അയച്ചിരിക്കണം.

പത്രാധിപർ

Reg No. T. 66 **PRASANNAKERALAM** License No. 390 Dated 15-6-1939

നാരായണൻകുട്ടി ബി. എ.

# ഡോ: ഗയപ്രസാദ്

ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷന്റെ പരിപാവനലക്ഷ്യം സാധിതപ്രായമാക്കുവാൻ ബ്രിട്ടീഷ് ബലങ്ങളെ നിസ്സാരമാക്കി സ്വാതന്ത്ര്യക്കളരിയിലേക്കു കുതിച്ചുവന്ന വീരരോടൊപ്പം പൊരുതിയ ഒരു വിവാഹിത യുവാവാണ് ഡോ. ഗയപ്രസാദ്. 1921-22- കാലങ്ങളിലാരംഭിച്ച നിസ്സഹകരണപ്രസ്ഥാനത്തിന്റെ അപ്രതീക്ഷിതമായ പരാജയം ഇൻഡ്യൻ രാഷ്ട്രീയ പ്രവർത്തനത്തെ തെല്ലൊന്നു തളർത്തുകയുണ്ടായി. തന്നിമിത്തം, ഒട്ടധികം പ്രമുഖനേതാക്കന്മാർ ദേശീയരംഗം ഉപേക്ഷിച്ചു. എന്നാൽ, സ്വാതന്ത്ര്യവഹ്നിയിൽനിന്നും ഉദിച്ചുയർന്ന ഗയപ്രസാദ് നിരാശനായി പിന്മടങ്ങാതെ ഭീകരപ്രസ്ഥാനത്തിൽ ചേരുകയാണുണ്ടായത്, ബോംബുകളും വെടിയുണ്ടകളും മുഖേന ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ കടപുഴക്കിയെറിയുവാൻ ഉയിരെടുത്ത ഒരു വിപ്ലവസംഘത്തിലെ പ്രധാന നായകനാണോ യുവത്വം പ്രസരിക്കുന്ന മധ്യവയസ്കനായ ഈ ഡോക്ടറെന്ന് ഏതൊരു സാധാരണക്കാരനും അമ്പരന്നേക്കാം.

യു പി, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ വിശ്രമരഹിതം പണിയെടുത്തുപോന്ന ഈ സ്വാതന്ത്ര്യാരാധകനെ അവസാനം സഹാറാൻപൂരിൽവച്ചാണ് അറസ്റ്റ് ചെയ്തത്. അദ്ദേഹത്തിന്റെ ആകാരം സാമാന്യം പീനമായിരുന്നുവെങ്കിലും കായികബലത്തിന്റെ അഭാവത്തിൽ നിരന്തരമുണ്ടായിക്കൊണ്ടിരുന്ന ഏറ്റുമുട്ടലുകളിലും സമരസന്ദർഭങ്ങളിലും ഗയപ്രസാദ് [illegible] അനുഭവിച്ചു. ഗയപ്രസാദിന്റെ ഔഷധശാല ഒരേസമയത്തുതന്നെ ചികിത്സാലയവും വിപ്ലവപ്രവർത്തനകേന്ദ്രവും ആയിരുന്നു. ഗവർമ്മെണ്ടിന്റെ നിഷ്ഠുരതാഡനങ്ങളേറ്റു കൃശഗാത്രനായിത്തീർന്ന ഈ ദേശസേവകന്റെ ആത്മവിശ്വാസം അനുദിനം അധികരിച്ചുവരുകയാണുണ്ടായത്. അ[illegible]തരായ വിപ്ലവബാലന്മാർക്കു വാത്സല്യനിധിയായ ഒരു മാതാവായിരുന്നു അദ്ദേഹം. അനുസരണവും അച്ചടക്കവും ഇല്ലാത്ത പ്രയത്നസമ്പ്രദായവും വ്യവസ്ഥയും നിയന്ത്രണവും ഇല്ലാത്ത ജീവിതരീതിയും അദ്ദേഹം വെറുത്തു.

ജയിൽഡോക്ടർമാർ ഗയപ്രസാദിനെ അത്യന്തം സ്നേഹിച്ചിരുന്നു. ദീനബാധിതരായ വിപ്ലവസഖാക്കൾ രോഗശയ്യയെ അഭയം പ്രാപിച്ചാൽ അദ്ദേഹം സൌഹാർദ്ദത്തോടുകൂടി അവരെ ശുശ്രൂഷിക്കുക പതിവാണ്.

ഗയപ്രസാദ് ഏതെങ്കിലും ആക്രമണാവസരങ്ങളിൽ സന്നിഹിതനായിരുന്നുവെന്നു സ്ഥാപിക്കുവാൻ പോലീസ്മേധാവികൾക്കു തെളിവുണ്ടായിരുന്നില്ല. എങ്കിലും, രാജാവിനെതിരായി ആക്രമം പ്രവൃത്തിച്ച ഒരു വ്യക്തിയെന്ന നിലയിൽ അദ്ദേഹം നിയമലംഘ്യ അപരാധിയായിത്തീർന്നു. ഭരണകൂടത്തിന്റെ അന്ധമായ വൈരാഗ്യത്തിനു വിഷയീഭവിച്ച ഈ സ്വാതന്ത്ര്യസ്നേഹിയെ ജീവപര്യന്തം തടവിനു ശിക്ഷിക്കുകയും അദ്ദേഹത്തെ ഭയാനകമായ "സി" ക്ലാസ്സ് ഇരുട്ടുമുറിയിൽ ബന്ധനസ്ഥനാക്കുകയും ചെയ്തു.

അസംഖ്യം ജയിൽ സമരങ്ങളിൽ അതുല്യമായ പങ്കുവഹിച്ച ഈ ധീരനേതാവ് 1937-ൽ അന്തമാനിലാരംഭിച്ച ചരിത്രപ്രസിദ്ധമായ നിരാഹാരവ്രതം സംഘടിപ്പിച്ചു. അവിടെ വച്ചാണ് ഗയപ്രസാദ് കമ്മ്യൂണിസം സ്വീകരിച്ചത്. ഭാവി അദ്ദേഹത്തിന്റെ ഈ ആദർശപ്രേമത്തെ ദൃഢീകരിക്കുകയും ചെയ്തു.

മഹാനായ ഒരു നേതാവും മാതൃഭൂമിക്കുവേണ്ടി സ്വജീവൻ ഉഴിഞ്ഞുവെച്ച ഒരു മാതൃകാസുതനും, തൊഴിലാളി കർഷകപ്രസ്ഥാനത്തിന്റെ ജീവനാഡിയായ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഒരു സജീവപ്രവർത്തകനും ആയ ഈ വൈദ്യവിദഗ്ദ്ധന്റെ പ്രകാശമാനമായ ജീവിതവശങ്ങൾ ആരെയാണ് ആനന്ദതുന്ദിലരാക്കാതിരിക്കുക?


## ഓണം

ലക്കത്തിലെ കഥകൾ

1 ഓണമുണ്ണ്- കാരൂർനീലകണ്ഠപ്പിള്ള
2 മന്ത്രിക്കെട്ട്- പൊൻകുന്നം വർക്കി
3 രത്നം വിളയുന്ന ഭൂമി- സരസ്വതിയമ്മ
4 അവസാനം- എസ് കെ ആർ കമ്മത്ത്
5 തെങ്ങുകെട്ട്- വെട്ടൂർ രാമൻനായർ
6 ആകാശത്തിലെ നിയമം- എസ് കെ പൊറ്റക്കാട്ട്
7 മാവേലിനാട്ടിൽ- സി ജെ തോമസ്

20 പേജ്
വില രണ്ടണമാത്രം

## പട്ടം

മന്നം, കുഞ്ഞുരാമൻ, മാമ്മൻമാപ്പിള, ഏ. ബാലകൃഷ്ണപിള്ള, ഇ. സുബ്രഹ്മണ്യയ്യർ, എം ഗോവിന്ദൻ, കെ ജി പരമേശ്വരൻപിള്ള ഇവരുടെ തൂലികാചിത്രങ്ങളടങ്ങിയ

"പോയതലമുറ"

എന്ന വിശിഷ്ടഗ്രന്ഥം
ഉടനെ വായിക്കുക

Edited by
സി. നാരായണപിള്ള
വില 1 ക. 4 ണ
വി പി അയയ്ക്കുവാനെഴുതുക
നാഷനൽ ബുക്ക്സ്റ്റാൾ
കല്ലറക്കൽബസാർ
കോട്ടയം

## സർസാപിക

ഒരു തുറന്ന കത്ത്

ഗ്രന്ഥകർത്താ- പി ടി ചാക്കോ
ബി എ ബി എൽ
പേജ് 128
വില ഒരു രൂപാ
(വി പി ചെലവു സൌജന്യം)
ഡി സി കമ്പനി, കോട്ടയം

## അഭയാർത്ഥി

ശ്രീ മുത്തൂർ നാരായണൻനായരുടെ ഏഴു കഥകൾ
വില 1—4
കമലാലയ ബുക്ക്ഡിപ്പോ
തിരുവനന്തപുരം.


Printed at the PowraDhwany Press, Kottayam & Published by Anjili parampil Kumaran at Kottayam.